# കേരള സർക്കാർ

## കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

www.ksad.kerala.gov.in

## കടമക്കുടി ഗ്രാമപഞ്ചായത്ത്

## ഓഡിറ്റ് റിപ്പോർട്ട്

2021-2022

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം
എറണാകുളം-682030

ഇ-മെയിൽ: doekm.ksad@kerala.gov.in

ഫോൺ : 0484-2422271

(രജിസ്റ്റർ ചെയ്ത കൈപ്പറ്റ് ചീട്ടു സഹിതം)

നമ്പർ: കെ.എസ്.എ.ഇ.കെ.എം.(പി10)-2288/22

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം
എറണാകുളം-682030
തീയ്യതി: 06/02/2023
ഇ-മെയിൽ:
doekm.ksad@kerala.gov.in
ഫോൺ: 0484-2422271

ഡെപ്യൂട്ടി ഡയറക്ടർ

പ്രസിഡന്റ് (സെക്രട്ടറി മുഖേന)
കടമക്കുടി ഗ്രാമപഞ്ചായത്ത്

സർ,

വിഷയം : കടമക്കുടി ഗ്രാമപഞ്ചായത്തിന്റെ 2021-2022 സാമ്പത്തിക വർഷത്തെ ഓഡിറ്റ് റിപ്പോർട്ട് സംബന്ധിച്ച്.

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13, 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, (1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം-വകുപ്പ് 215(4)) എന്നിവയിലെ വ്യവസ്ഥകൾ പ്രകാരം കടമക്കുടി ഗ്രാമപഞ്ചായത്തിന്റെ 2021-2022 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയുടെ പരിശോധനാഫലമായുള്ള ഓഡിറ്റ് റിപ്പോർട്ട് 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടം 23(1)ൽ നിർദ്ദേശിക്കുന്ന പ്രകാരമുള്ള തുടർ നടപടികൾക്കായി ഇതോടൊപ്പം അയക്കുന്നു.

ഈ റിപ്പോർട്ടിലെ ഭാഗം 1ലെ ഖണ്ഡികകളിലേക്ക് ശ്രദ്ധ ക്ഷണിക്കുന്നു. ഈ റിപ്പോർട്ട് കൈപ്പറ്റിയാലുടൻ ഇതിൽ പരാമർശിക്കുന്ന ക്രമക്കേടുകൾക്ക് ഉത്തരവാദികളായ വ്യക്തികളെ പ്രസ്തുത ഖണ്ഡികകളുടെ പകർപ്പ് സഹിതം വിവരം ധരിപ്പിക്കേണ്ടതാണ് .

ഈ റിപ്പോർട്ട് കൈപ്പറ്റി ഒരു മാസത്തിനകം പ്രത്യേക യോഗം കൂടി ഓഡിറ്റ് റിപ്പോർട്ട് വിശദമായി ചർച്ച ചെയ്യേണ്ടതും , ഓഡിറ്റ് റിപ്പോർട്ടിന്റെയും അതിന്മേൽ എടുത്ത തീരുമാനത്തിന്റെയും പകർപ്പ് പൊതുജന ശ്രദ്ധയ്ക്കായി പ്രസിദ്ധപ്പെടുത്തേണ്ടതുമാണ്. (കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 14,15)) കാണുക.

റിപ്പോർട്ട് കൈപ്പറ്റി രണ്ടു മാസത്തിനകം ഇതിൽ ഉൾപ്പെടുന്ന ഓഡിറ്റ് പരാമർശങ്ങൾ/തടസ്സങ്ങൾ ഒഴിവാക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കേണ്ടതും ആയത് സംബന്ധിച്ച ഒരു റിപ്പോർട്ട് പ്രസ്തുത കാലയളവിനുള്ളിൽ ഈ ഓഫീസിലേക്ക് അയച്ചു തരേണ്ടതുമാണ്. (ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം സെക്ഷൻ 15(1) ചട്ടം 20,23, (1997 കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 21(1)(2)) എന്നിവ കാണുക.

വിശ്വസ്തതയോടെ,

ഡെപ്യൂട്ടി ഡയറക്ടർ

പകർപ്പ്:

1) ഡയറക്ടർ, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്, തിരുവനന്തപുരം (ഉ.പ.സ),
2) പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ, എറണാകുളം.
3) കാര്യാലയ പകർപ്പ്.

നമ്പർ: കെ.എസ്.എ.ഇ.കെ.എം.(പി10)-2288/22 തീയ്യതി: 06/02/2023

## എറണാകുളം ജില്ലയിലെ കടമക്കുടി ഗ്രാമപഞ്ചായത്തിന്റെ 2021-2022 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയിന്മേലുള്ള ഓഡിറ്റ് റിപ്പോർട്ട്.

(1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13 , 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, (1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം-വകുപ്പ് 215(4)) എന്നിവ പ്രകാരം പുറപ്പെടുവിക്കുന്നത്.)

എറണാകുളം ജില്ലയിലെ കടമക്കുടി ഗ്രാമപഞ്ചായത്തിന്റെ 2021-2022 സാമ്പത്തിക വർഷത്തെ ധനകാര്യപത്രിക ഓഡിറ്റിന് വിധേയമാക്കുകയുണ്ടായി. സ്ഥാപനം 01-04-2021 മുതൽ 31-03-2022 തീയതി വരെ വിവിധ ഇനങ്ങളിലായി നടത്തിയ പണം പിരിവ്,അവയുടെ ഒടുക്ക്,വിവിധ അക്കൗണ്ടുകളിൽ നിന്നുള്ള പണം പിൻവലിക്കലുകൾ എന്നിവയും പരിശോധിച്ചു.

ഓഡിറ്റിൽ കണ്ടെത്തിയ അപാകതകൾ അതത് സമയം ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിലൂടെ സ്ഥാപനത്തിന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട് 33 അന്വേഷണക്കുറിപ്പുകൾ നൽകിയതിൽ 24 എണ്ണത്തിനു മറുപടി ലഭിച്ചിട്ടുണ്ട്. ഈ റിപ്പോർട്ടിൽ ഉൾപ്പെടാത്ത ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിൽമേലുള്ള തുടർ നടപടികൾ സ്ഥാപനം സ്വീകരിക്കേണ്ടതാണ്.

സ്ഥാപനത്തിൽ നിന്ന് ലഭ്യമായ രജിസ്റ്ററുകളുടെയും രേഖകളുടെയും വിവരങ്ങളുടെയും വിശദീകരണത്തിന്റെയും അടിസ്ഥാനത്തിലാണ് ഈ റിപ്പോർട്ട് തയ്യാറാക്കിയിരിക്കുന്നത്. സ്ഥാപനം നൽകിയ തെറ്റായ വിവരങ്ങളുടെയോ വിശദാംശങ്ങളുടെയോ അടിസ്ഥാനത്തിൽ തയ്യാറാക്കി ഈ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ള വിശകലനങ്ങളുടെയും നിരീക്ഷണങ്ങളുടെയും കാര്യത്തിലും, സ്ഥാപനം ഓഡിറ്റിന് ലഭ്യമാകാത്ത രേഖകളുടെ അടിസ്ഥാനത്തിൽ മറ്റൊരു ഓഡിറ്റ് ഏജൻസി/പരിശോധനാ വിഭാഗം പിന്നീട് കണ്ടെത്തുന്ന അപാകതകളിലും കേരള സംസ്ഥാന ഓഡിറ്റ് വകുപ്പിന് യാതൊരു ഉത്തരവാദിത്തവുമില്ല.

## (എ)ഓഡിറ്റ് നടത്തിയതിന്റെ വിവരം

ഓഡിറ്റിന് ചുമതലപ്പെട്ട ഉദ്യോഗസ്ഥൻ:

| പേര് | ഉദ്യോഗപ്പേര് | തീയതി **(മുതൽ)** | തീയതി **(വരെ)** |
|---|---|---|---|
| ശ്രീമതി ബിന്ദു എസ് നായർ | ഡെപ്യൂട്ടി ഡയറക്ടർ | 13-12-2022 | 23-12-2022 |

ഓഡിറ്റിന് വിനിയോഗിച്ച സമയം :

| തീയതി **(മുതൽ)** | തീയതി **(വരെ)** |
|---|---|
| 13-12-2022 | 23-12-2022 |

ഓഡിറ്റ് നടത്തിയ ഉദ്യോഗസ്ഥർ:

ശ്രീമതി മിനു പി കെ,ഓഡിറ്റ് ഓഫീസർ(ഹ.ഗ്രേ)
ശ്രീ ഹരീഷ് ബാബു എൻ,അസിസ്റ്റന്റ് ഓഡിറ്റ് ഓഫീസർ
ശ്രീ സജീവ് എൻ എം,അസിസ്റ്റന്റ് ഓഡിറ്റ് ഓഫീസർ
ശ്രീമതി ബെറ്റ്സി സി എക്സ്,ഓഡിറ്റർ

.

## (ബി)നിർവഹണാധികാരികൾ

| പേര് | ഔദ്യോഗിക പദവി | തീയതി **(മുതൽ)** | തീയതി **(വരെ)** |
|---|---|---|---|
| മേരി വിൻസെന്റ് എൻ.ജി | പ്രസിഡന്റ് | 01-04-2021 | 31-03-2022 |
| എൻ.എം. ശോഭനകുമാരി | സെക്രട്ടറി | 01-04-2021 | 31-03-2022 |

## നിർവ്വഹണഉദ്യോഗസ്ഥർ

| പേര് | ഉദ്യോഗപ്പേര് | തീയതി **(മുതൽ)** | തീയതി **(വരെ)** |
|---|---|---|---|
| എൻ എം ജോസ് ഷിനോയ് | അസിസ്റ്റന്റ് സെക്രട്ടറി | 01-04-2021 | 31-03-2022 |
| ഡോ. രശ്മി വി എൻ | മെഡിക്കൽ ഓഫീസർ,ആയുർവേദം | 01-04-2021 | 31-03-2022 |
| ഡോ. മനോജ് അഗസ്റ്റിൻ | മെഡിക്കൽ ഓഫീസർ,പി.എച്ച്.സി | 01-04-2021 | 31-03-2022 |
| ഡോ. ദീപ വി പി | വെറ്ററിനറി സർജൻ | 01-04-2021 | 31-03-2022 |
| ഷർമ്മില ടോമി | ഹെഡ്മിസ്ട്രസ്സ്,ജി.വി.എച്ച്.എസ്.എസ് | 01-04-2021 | 31-03-2022 |
| സുരേഷ്കുമാർ പി എസ് | അസിസ്റ്റന്റ് എഞ്ചിനിയർ | 01-04-2021 | 31-03-2022 |
| സ്മിത കെ ബി | ഫിഷറീസ് എക്സ്റ്റൻഷൻ ഓഫീസർ | 01-04-2021 | 31-03-2022 |
| ട്രീസ തോമസ് | ഐ.സി.ഡി.എസ് സൂപ്പർവൈസർ | 01-04-2021 | 31-03-2022 |
| സംഗീത നായർ | കൃഷി ഓഫീസർ | 01-04-2021 | 31-03-2022 |
| മനോജ് ടി ആർ | വി.ഇ.ഒ കടമക്കുടി സർക്കിൾ | 01-04-2021 | 31-03-2022 |
| സൗജ പി പി | വി.ഇ.ഒ കോതാട് സർക്കിൾ | 01-04-2021 | 11-08-2021 |
| മനോജ് ടി ആർ | വി.ഇ.ഒ കടമക്കുടി സർക്കിൾ (ഇൻ ചാർജ്ജ്) | 12-08-2021 | 31-03-2022 |

## ഉള്ളടക്കം


| ക്രമ നം | ഭാഗം 1 | ഖണ്ഡിക നമ്പർ |
|---|---|---|
| 1 | ബജറ്റ് | 1-1 |
| 2 | വാർഷിക ധനകാര്യപത്രിക | 1-2 |
| 3 | വാർഷിക കണക്കിലെ അപാകതകൾ | 1-2-1 |
| 4 | സാമ്പത്തിക വിശകലനം | 1-3 |
| 5 | ഫണ്ട് വിനിയോഗം | 1-4 |
| 6 | പദ്ധതി അവലോകനം | 1-5 |
| 7 | തൊഴിലുറപ്പ് പദ്ധതി | 1-6 |
| 8 | ക്ഷേമപദ്ധതികൾ | 1-7 |
| 9 | ക്യാഷ് ബാലൻസ് പരിശോധന | 1-8 |
| 10 | ആഭ്യന്തര നിയന്ത്രണം | 1-9 |
| 11 | മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം | 1-10 |
| 12 | രസീത് പരിശോധന- അപാകതകൾ | 1-11 |
| 13 | കമ്പനിക്കെട്ട് സർക്കാർ പുറമ്പോക്ക് സ്ഥലം ലേലം രേഖകൾ ഹാജരാക്കിയില്ല- വരുമാന കൃത്യത ഉറപ്പാക്കാനായില്ല | 1-12 |
| 14 | തനത് വരുമാനം വർദ്ധിപ്പിക്കുന്നതിനുള്ള ഉറവിടങ്ങൾ ഫലപ്രദമായി ഉപയോഗിക്കേണ്ടതാണ് | 1-13 |
| 15 | മരാമത്ത് പ്രവൃത്തികളുടെ പൊതു ന്യൂനതകൾ | 1-14 |
| 16 | ഐ കെ എം വിഹിതം നൽകൽ - വിനിയോഗ സാക്ഷ്യപത്രം ലഭ്യമായിട്ടില്ല | 1-15 |
| 17 | എസ്.എസ്.എ. വിഹിതം നൽകൽ - വിനിയോഗ വിവരം ലഭ്യമാക്കിയില്ല | 1-16 |
| 18 | വിവിധ അങ്കണവാടികളുടെ പുനർ നിർമ്മാണം/നിർമ്മാണം- പൂർത്തീകരണ വിവരം ഇല്ല | 1-17 |
| 19 | മഴക്കാല പൂർവ്വ ശുചീകരണം - രേഖകൾ ലഭ്യമായില്ല | 1-18 |
| 20 | പാലിയേറ്റീവ് ഡ്രൈവർക്ക് വേതനം അനുവദിച്ചതിലെ അപാകതകൾ | 1-19 |
| 21 | മരുന്ന് ലഭ്യമാക്കിയിട്ടില്ല | 1-20 |
| 22 | തെരുവ് വിളക്കുകളുടെ പരിപാലനം - രജിസ്റ്റർ പരിപാലിച്ചിട്ടില്ല | 1-21 |
| 23 | സ്മാർട്ട് ഗാർബേജ് മോണിറ്ററിംഗ് സിസ്റ്റം - തുക നൽകിയെങ്കിലും പ്രാഥമിക നടപടികൾ പൂർത്തിയാക്കിയില്ല | 1-22 |
| 24 | സ്ട്രീറ്റ് ലൈൻ സ്ഥാപിക്കൽ- അപാകതകൾ | 1-23 |
| 25 | പാലിയേറ്റീവ് പരിചരണം ഗുണഭോക്തൃ ലിസ്റ്റ് - വെബ്ബ് സൈറ്റിൽ പ്രസിദ്ധീകരിച്ചിട്ടില്ല | 1-24 |
| 26 | പാലിയേറ്റീവ് പരിചരണ പദ്ധതി - പി.എം.സി. യോഗങ്ങൾ ചേരുന്നതിൽ | 1-25 |

| | | |
|---|---|---|
| | മാർഗ്ഗരേഖ നിർദ്ദേശങ്ങൾ പാലിക്കേണ്ടതാണ് | |
| 27 | കാലിബാരലിന്റെ വില ഈടാക്കിയിട്ടില്ല | 1-26 |
| 28 | ജാഗ്രത സമിതിയുടെ പ്രവർത്തനം കാര്യക്ഷമമല്ല. | 1-27 |
| 29 | അനുപൂരക പോഷകാഹാര പദ്ധതി - തുക നൽകിയതിൽ അപാകത | 1-28 |
| 30 | കുടിവെള്ളക്കരം ഒടുക്കുന്നില്ല. | 1-29 |
| ഭാഗം **2** | | |
| --- No Records Found --- | | |
| ഭാഗം **3** | | |
| --- No Records Found --- | | |
| ഭാഗം **4** | | |
| 1 | വാർഷിക ധനകാര്യ പത്രിക പരിശോധിച്ച് സാക്ഷ്യപത്രം നൽകിയ വിവരം | 4-1 |
| 2 | സംയുക്ത പ്രോജക്ടുകൾക്ക് ലഭിച്ച ധനസഹായം | 4-2 |
| 3 | ഡെപ്പോസിറ്റ് വർക്കിനു നൽകിയ തുകയുടെ വിവരങ്ങൾ | 4-3 |
| 4 | മൊബിലൈസേഷൻ അഡ്വാൻസ് നൽകിയത് | 4-4 |
| 5 | വായ്പ/ വായ്പ തിരിച്ചടവ് | 4-5 |
| 6 | സ്ഥിരനിക്ഷേപങ്ങൾ | 4-6 |
| 7 | ഓഡിറ്റ് റിക്കവറി | 4-7 |
| 8 | സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഓഡിറ്റ് ഖണ്ഡികകളുടെ വിശദാംശം | 4-8 |
| 9 | ചാർജ് / സർചാർജ് നടപടികളുടെ വിവരം | 4-9 |
| 10 | ഓഡിറ്റ് പ്രത്യവലോകനം | 4-10 |
| 11 | തീർപ്പാക്കാൻ അവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകൾ | 4-11 |
| അനുബന്ധം | | |
| 1 | ഓഡിറ്റ് സാക്ഷ്യപത്രം | |
| 2 | ഗ്രാന്റുകളുടെ വിനിയോഗ സാക്ഷ്യപത്രം | |

# ഭാഗം -1

## പൊതു അവലോകനം

### 1-1 ബജറ്റ്

2021-22 വർഷത്തെ ബജറ്റ് 19.02.2021 തീയതിയിൽ നടന്ന സാധാരണ യോഗത്തിലെ 1(1)-ാം നമ്പർ തീരുമാന പ്രകാരം അംഗീകരിച്ചു. പുതുക്കിയ ബജറ്റ് 20.02.2022 തീയതിയിൽ നടന്ന സാധാരണ യോഗത്തിലെ 1-ാം നമ്പർ തീരുമാന പ്രകാരം അംഗീകരിച്ചു.

ബജറ്റ് പ്രകാരമുള്ള വരവ്-ചെലവും, യഥാർത്ഥ വരവ്-ചെലവും തമ്മിൽ ഗണ്യമായ വ്യത്യാസം കാണുന്നു. വിശദ വിവരം ചുവടെ ചേർക്കുന്നു.

| | 2021-2022 പുതുക്കിയ ബജറ്റ് പ്രകാരം | 2021-2022 വാർഷിക ധനകാര്യപത്രിക പ്രകാരം | വ്യത്യാസം |
|---|---|---|---|
| പ്രാരംഭ ബാക്കി | 29,37,000.00 | 86,49,319.15 | (-) 57,12,319.15 |
| വരവ് | 14,53,33,266.00 | 5,62,73,038.00 | 8,90,60,228.00 |
| ആകെ | 14,82,70,266.00 | 6,49,22,357.15 | 8,33,47,908.85 |
| ചെലവ് | 14,44,56,766.00 | 5,27,41,278.00 | 9,17,15,488.00 |
| നീക്കിയിരുപ്പ് | 38,13,500.00 | 1,21,81,079.15 | 83,67,579.15 |

ബജറ്റ് പ്രകാരമുള്ള വരവും, വാർഷിക ധനകാര്യപത്രികയിലെ വരവും തമ്മിൽ 8.90 കോടി രൂപയുടെയും, ബജറ്റ് പ്രകാരമുള്ള ചെലവും, വാർഷിക ധനകാര്യപത്രികയിലെ ചെലവും തമ്മിൽ 9.17 കോടി രൂപയുടെയും വ്യത്യാസമുണ്ട്.

### 1-2 വാർഷിക ധനകാര്യപത്രിക

| വർഷം | ലഭിക്കേണ്ട തീയതി | ലഭിച്ച തീയതി |
|---|---|---|
| 2021-22 | 31.07.2021 | 01.06.2022 |

### 1-2-1 വാർഷിക കണക്കിലെ അപാകതകൾ

1. 26.07.2011-ലെ ജി.ഒ(എം.എസ്)152/2011-ലെ നിർദ്ദേശങ്ങൾക്കനുസൃതമായി പഞ്ചായത്ത് ആസ്തികളുടെ മൂല്യനിർണ്ണയം നടത്തി ആസ്തി രജിസ്റ്റർ കാലികമാക്കി സൂക്ഷിച്ചിട്ടില്ല. പഞ്ചായത്ത് ഭൂമിയുടേയും മൂല്യം അക്കൗണ്ട് ചെയ്തിട്ടില്ല.

2. 2021-22 വർഷം ബാലൻസ് ഷീറ്റിൽ B-11(a) ഷെഡ്യൂളിൽ Capital Work In Progress ൽ 27,50,081/-രൂപ ആസ്തിയിലേക്ക് മുതൽകൂട്ടേണ്ടതാണ്.

3. 2011ലെ കേരള പഞ്ചായത്ത് രാജ് അക്കൗണ്ട് ചട്ടങ്ങൾ ചട്ടം 62(2) പ്രകാരമുള്ള വാർഷികകണക്കിലെ അക്കൗണ്ടിംഗ് നയങ്ങളെക്കുറിച്ചുള്ള കുറിപ്പുകൾ എയിംസിൽ ഉൾപ്പെടുത്തിയിട്ടില്ല.

4. ജോയിന്റ് വെഞ്ചർ അക്കൗണ്ട് - നീക്കിയിരിപ്പ് തുകകൾ വാർഷിക ധനകാര്യപത്രികയിലെ B-4 (8,14,278/-രൂപ), B-17(10,00,000/-രൂപ), B-15 ഷെഡ്യൂളുകളുമായി പൊരുത്തപ്പെടുന്നില്ല. സംയുക്ത പ്രോജക്ടുകൾക്കായി ലഭിച്ച (അനുപൂരക പോഷകാഹാരം-2,21,658/-, ശാരീരിക മാനസിക വെല്ലുവിളി നേരിടുന്ന കുട്ടികൾക്കുള്ള സ്കോളർഷിപ്പ്-1,08,000/-)തുക ബ്ലോക്ക് പഞ്ചായത്തിലേക്ക് തിരികെ അടവാക്കിയെങ്കിലും ഇത് വാർഷിക ധനകാര്യ പത്രികയിൽ ഉൾപ്പെടുത്തിയിട്ടില്ല.

5. 2011ലെ കേരള പഞ്ചായത്ത് രാജ് അക്കൗണ്ട് ചട്ടങ്ങൾ ചട്ടം 62(F) പ്രകാരം അടിസ്ഥാന അനുപാതങ്ങൾ കണക്കാക്കി വാർഷികധനകാര്യപത്രികയോടൊപ്പം ഉൾപ്പെടുത്തേണ്ടതാണ്. എന്നാൽ വാർഷികധനകാര്യപത്രികയിൽ ആയത് ഉൾപ്പെടുത്തിയിട്ടില്ല.

6. ബാലൻസ് ഷീറ്റ് ഷെഡ്യൂൾ ബി-15 പ്രകാരം വസ്തുനികുതി, കുടിശ്ശിക ഉണ്ട്. നികുതി കുടിശ്ശിക വാർഷിക അടിസ്ഥാനത്തിൽ കണക്കാക്കി, സർക്കാർ ഉത്തരവ് 152/2011/ത.സ്വ.ഭ.വ തീ. 26/7/2011, കേരള പഞ്ചായത്ത് രാജ് അക്കൗണ്ട് ചട്ടങ്ങൾ 2011 (ചട്ടം58(4)എച്ച്) എന്നിവ പ്രകാരം ഈടാക്കേണ്ടതാണ്.

7. ബി-18 ഷെഡ്യൂളിൽ വിവിധ നിർവ്വഹണ ഉദ്യോഗസ്ഥർക്ക് മുൻകൂർ ഇനത്തിൽ നൽകിയ 30,08,488/-രൂപ (14,00,651/- KWA + 16,07,837/- KSEB) നാളിതു വരെയും ക്രമീകരിച്ചിട്ടില്ല.
മേൽ അപാകതകൾ വിശദീകരിക്കുവാൻ ഓഡിറ്റ് എൻക്വയറി (നം.30/21.12.2022) മുഖേന ആവശ്യപ്പെട്ടതിന് ലഭിച്ച മറുപടിയിൽ അപാകതകൾ പരിഹരിക്കുന്നതാണ് എന്ന് അറിയിച്ചു. അപാകതകൾ പരിഹരിച്ച് വിവരം അറിയിക്കേണ്ടതാണ്.

### 1-3 സാമ്പത്തിക വിശകലനം

| | |
|---|---|
| മുന്നിരിപ്പ് | 86,49,319.15 |

| | |
|---|---|
| ഓഡിറ്റ് വർഷത്തെ വരവ് | 5,62,73,038.00 |
| ആകെ | 6,49,22,357.15 |
| ഓഡിറ്റ് വർഷത്തെ ചെലവ് | 5,27,41,278.00 |
| നീക്കിയിരിപ്പ് | 1,21,81,079.15 |
| വരവിനങ്ങളിലുള്ള നഷ്ടം | 0 |
| ചെലവിനങ്ങളിലുള്ള നഷ്ടം / ഓഡിറ്റിൽ അംഗീകരിക്കാത്ത തുക | 0 |
| ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക | 34,27,781.00 |

## 1-4 ഫണ്ട് വിനിയോഗം

| ഗ്രാന്റ് ഇനം | മുന്നിരുപ്പ് | വരവ് | ആകെ | ചെലവ് | നീക്കി യിരുപ്പ് | ലാപ്സായ തുക |
|---|---|---|---|---|---|---|
| വികസന ഫണ്ട് – ജനറൽ | | 10067758 | 10067758 | 9749921 | | 317837 |
| വികസന ഫണ്ട് – എസ്.സി.പി | | 2926700 | 2926700 | 2381500 | | 545200 |
| ധനകാര്യകമ്മീഷൻ ഗ്രാന്റ്(ടൈഡ്) | | 4393738 | 4393738 | 604464 | 2618478 | 1170796 |
| ധനകാര്യകമ്മീഷൻ ഗ്രാന്റ് (അൺടൈഡ്) | | 4107852 | 4107852 | 1275521 | 1251079 | 1581252 |
| മെയിന്റനൻസ് ഫണ്ട് – റോഡ് | | 5038000 | 5038000 | 3399846 | | 1638154 |
| മെയിന്റനൻസ് ഫണ്ട് – നോൺ-റോഡ് | | 5202519 | 5202519 | 3377368 | | 1825151 |
| സാക്ഷരത | 33616 | 1701 | 35317 | 0 | 35317 | |
| സാനിട്ടേഷൻ | 1015155 | 0 | 1015155 | 491578 | 523577 | |
| ബി.എസ്.യു.പി. | 1418655.60 | 42671 | 1461326.60 | 0 | 1461326.60 | |
| അങ്കണവാടി പൂരക പോഷകാഹാരം | 397427 | 520027 | 917454 | 568808 | 348646 | |

## 1-5 പദ്ധതി അവലോകനം

ഓഡിറ്റ് വർഷം അംഗീകാരം ലഭിച്ച പ്രോജക്ടുകൾ നടപ്പാക്കിയതിന്റെ വിവരം താഴെ ചേർക്കുന്നു.

| അംഗീകാരം ലഭിച്ചത് (എണ്ണം) | പദ്ധതി അടങ്കൽ | നടപ്പാക്കിയത് (എണ്ണം) | പദ്ധതി ചെലവ് | ഭാഗികമായി നടപ്പാക്കിയത് (എണ്ണം) | പൂർത്തീകരിച്ചത് (എണ്ണം) | നടപ്പാക്കാത്തവ (എണ്ണം) | പൂർത്തീകരിച്ച പ്രോജക്ടുകളുടെ ശതമാനം |
|---|---|---|---|---|---|---|---|
| 125 | 6,09,27,017 | 100 | 2,78,30,623 | 20 | 80 | 25 | 64% |

## 1-6 തൊഴിലുറപ്പ് പദ്ധതി

| ഇനം | മുന്നിരുപ്പ് | വരവ് | ആകെ | ചെലവ് | നീക്കിയിരുപ്പ് |
|---|---|---|---|---|---|
| ഭരണചെലവുകൾ | 5,627 | 4,41,621 | 4,47,248 | 4,47,216 | 32 |
| ഗുണഭോക്താക്കൾക്ക് നേരിട്ട് നൽകുന്നത് | -- | 1,92,70,784 | 1,92,70,784 | 1,92,70,784 | -- |
| ആകെ | 5,627 | 1,97,12,405 | 1,97,18,032 | 1,97,18,000 | 32 |

## 1-7 ക്ഷേമപദ്ധതികൾ

തൻവർഷം ഗ്രാമപഞ്ചായത്ത് നടപ്പാക്കിയ വിവിധ ക്ഷേമ പദ്ധതികളുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| ക്ഷേമപദ്ധതിയുടെ പേര് | ചെലവഴിച്ച തുക | ഗുണഭോക്താക്കളുടെ എണ്ണം |
|---|---|---|
| തൊഴിൽ രഹിത വേതനം | 2,640 | 3 |
| കർഷകതൊഴിലാളി പെൻഷൻ | 56,42,200 | 340 |
| വിധവാപെൻഷൻ | 82,13,300 | 542 |
| വാർദ്ധക്യകാലപെൻഷൻ | 1,94,22,400 | 1557 |

| | | |
|---|---|---|
| വികലാംഗപെൻഷൻ | 29,05,600 | 194 |
| വിവാഹ ധനസഹായം | 1,20,000 | 4 |
| 50 വയസ്സിനു മേൽ പ്രായമുള്ള അവിവാഹിതകൾക്കുള്ള പെൻഷൻ | 721,600 | 53 |

## 1-8 ക്യാഷ് ബാലൻസ് പരിശോധന

1994-ലെ ലോക്കൽ ഫണ്ട് ഓഡിറ്റ് ആക്ടിലെ 6(4)-ാം വകുപ്പ് പ്രകാരമുള്ള ക്യാഷ് ബാലൻസ് പരിശോധന 17.12.2022ന് അസിസ്റ്റന്റ് സെക്രട്ടറിയുടെ സാന്നിധ്യത്തിൽ നടത്തുകയുണ്ടായി. പരിശോധനയിൽ 3,870/-രൂപ ക്യാഷ് ബാലൻസിന്റെ കൃത്യത ബോധ്യപ്പെട്ടു.

## 1-9 ആഭ്യന്തര നിയന്ത്രണം

ഗ്രാമപഞ്ചായത്തിലെ പൊതുജീവിതത്തെ സ്വാധീനിക്കുന്ന ക്ഷേമ ചുമതലകളും സാമ്പത്തിക വികസന പ്രവർത്തനങ്ങളും ജനപങ്കാളിത്തത്തോടെ നിർവ്വഹണം നടത്തുന്ന ഭരണ സംവിധാനമെന്ന നിലയിൽ പ്രവർത്തിക്കുന്നതിന് സഹായകമായ രീതിയിൽ, പരിമിത സൗകര്യങ്ങളോടു കൂടിയ ഫ്രണ്ട് ഓഫീസ് പഞ്ചായത്തിൽ പ്രവർത്തിച്ചുവരുന്നു. പഞ്ചായത്തിന്റെ വരുമാനങ്ങൾ, ചെലവുകൾ, ബാദ്ധ്യതകൾ, ആസ്തികൾ എന്നിവ ഉൾപ്പെടുന്നതും സാമ്പത്തിക വർഷത്തെ ധനപരവും പ്രവർത്തനപരവുമായ ലക്ഷ്യങ്ങൾ വ്യക്തമാക്കുന്നതുമായ ബജറ്റ് അവതരിപ്പിക്കുകയും ചെലവുകൾക്ക് ബജറ്ററി നിയന്ത്രണം വരുത്തുകയും ചെയ്തിട്ടുണ്ട്. എന്നാൽ ബജറ്റ് പ്രകാരമുള്ള ചെലവുകളെ വാർഷിക പദ്ധതി പ്രകാരമുള്ള ചെലവുകളുമായി സംയോജിപ്പിച്ച് ധനകാര്യ റിപ്പോർട്ടിംഗിൽ സ്ഥാപനതല നിയന്ത്രണം സാധ്യമാക്കിയിട്ടില്ല.

ഉദ്യോഗസ്ഥരുടെ ചുമതലകൾ വ്യക്തമായി നിർവചിക്കുകയും ഓഫീസ് ഉത്തരവുകളുടെ അടിസ്ഥാനത്തിൽ വിഭജിച്ച് നൽകുകയും ചെയ്തിട്ടുണ്ട്. കേരള പഞ്ചായത്ത് രാജ് അക്കൗണ്ട്സ് ചട്ടങ്ങളിലെ നിർദ്ദേശങ്ങൾ പാലിച്ച് സാമ്പത്തിക പത്രികകൾ തയ്യാറാക്കിയിട്ടുണ്ട്.

സർക്കാരിനുവേണ്ടി ഒരു സർക്കാർ ഉദ്യോഗസ്ഥൻ സ്വീകരിക്കുന്ന പണം ക്യാഷ് ചെസ്റ്റിൽ സൂക്ഷിക്കേണ്ടതാണ് (കേരള ട്രഷറി കോഡ് വാല്യം ഒന്ന് ആർട്ടിക്കിൾ 130). എന്നാൽ പണം സൂക്ഷിക്കുന്നതിനായി പഞ്ചായത്തിൽ സുരക്ഷിതമായൊരു ക്യാഷ് ചെസ്റ്റ് നിലവിൽ ഇല്ല. ആയത് ലഭ്യമാക്കുന്നതിന് നടപടികൾ സ്വീകരിക്കേണ്ടതാണ്.

ഡെപ്പോസിറ്റ് പ്രവൃത്തികൾക്കായി വർഷന്തോറും ഭീമമായ തുകകൾ വിവിധ ഏജൻസികളിൽ ഡെപ്പോസിറ്റ് ചെയ്യുന്നുണ്ടെങ്കിലും പദ്ധതികളുടെ യഥാസമയത്തുള്ള പൂർത്തീകരണം ഉറപ്പാക്കപ്പെടുന്നില്ല. വിവിധ പദ്ധതികളുടെ നിർവ്വഹണത്തിനായി നൽകിയ തുകകളിൽ, കേരള വാട്ടർ അതോറിറ്റിയുടെ പക്കൽ 14,00,651/- സംസ്ഥാന വൈദ്യുതി ബോർഡിന്റെ പക്കൽ 16,07,837/- എന്നിങ്ങനെ തുകകൾ ശേഷിക്കുന്നുണ്ട്. പദ്ധതികളുടെ പൂർത്തീകരണം ഉറപ്പാക്കുകയോ, അല്ലാത്ത പക്ഷം മുൻകൂർ നൽകിയ തുകകൾ തിരികെ ഈടാക്കുകയോ ചെയ്യേണ്ടതാണ്.

വൗച്ചറുകളുടെ സൂക്ഷിപ്പ്:

ഓഡിറ്റ് വർഷത്തെ വൗച്ചറുകൾ മികച്ച രീതിയിൽ സൂക്ഷിക്കുന്നുണ്ട്. ഓരോ വൗച്ചറിന്റെയും വിവരങ്ങൾ ബിൽ രജിസ്റ്ററിൽ വ്യക്തമായി രേഖപ്പെടുത്തുന്നുണ്ട്.

ഡെപ്പോസിറ്റുകൾ:

പഞ്ചായത്തിലെ ഡെപ്പോസിറ്റ് രജിസ്റ്റർ പരിശോധിച്ചതിൽ 2017 മുതലുള്ള ഡെപ്പോസിറ്റുകൾ പഞ്ചായത്തിൽ അവശേഷിക്കുന്നുണ്ട്. കേരള ഫിനാൻഷ്യൽ കോഡ് (Vol. I)ആർട്ടിക്കിൾ 282(1) പ്രകാരം അവകാശികൾ തിരികെ ആവശ്യപ്പെടാതെ 3 വർഷത്തിലധികം നിലനിൽക്കുന്ന ഡെപ്പോസിറ്റുകൾ സ്ഥാപനങ്ങളുടെ അക്കൗണ്ടിലേക്ക് മുതൽക്കൂട്ടാവുന്നതാണ്. ഈ വിഷയത്തിൽ ഉചിതമായ നടപടികൾ ഗ്രാമപഞ്ചായത്തിന് സ്വീകരിക്കാവുന്നതാണ്.

## 1-10 മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം

| ഓഡിറ്റ് | അവസാനം ഓഡിറ്റ് നടത്തിയ തീയതി | ഓഡിറ്റ് കാലയളവ് | റിപ്പോർട്ട് ലഭിച്ച തീയതി |
|---|---|---|---|
| പെർഫോമൻസ് ഓഡിറ്റ് | 26.05.2022 | 1.01.2022മുതൽ 30.04.2022 വരെ | ലഭിച്ചിട്ടില്ല |
| അക്കൗണ്ടന്റ് ജനറലിന്റെ ഓഡിറ്റ് | 15.02.2020 | 2014-15 മുതൽ 2018-19 വരെ | 12.05.2020 |

## 1-11 രസീത് പരിശോധന- അപാകതകൾ

1. ലൈബ്രറി രസീത് പുസ്തകം - സ്റ്റോക്ക് രജിസ്റ്റർ സൂക്ഷിക്കുന്നില്ല .

കേരള ട്രഷറി കോഡ് വാല്യം ഒന്ന് ആർട്ടിക്കിൾ 90(ബി)യിലെ കുറിപ്പ് 3 പ്രകാരമുള്ള, മെഷീൻ നമ്പറോട്ടുകൂടിയ, ലഭ്യമായതും വിതരണം ചെയ്തതുമായ രസീത് പുസ്തകങ്ങളുടെ എണ്ണം സൂചിപ്പിക്കുന്ന (ഓരോന്നിലേയും ഫാറങ്ങളുടെ എണ്ണം സഹിതം) സ്റ്റോക്ക് അക്കൗണ്ട് സൂക്ഷിക്കുന്നില്ല. ആവശ്യമായ രസീത് പുസ്തകങ്ങൾ നിയന്ത്രണാധികാരി ലഭ്യമാക്കേണ്ടതും താഴെ തട്ടിലുള്ള ഉദ്യോഗസ്ഥർക്ക് കൈമാറേണ്ടതുമാണ്. ജി.ഒ.(പി) നം.96/2019/ഫിൻ തീയതി 26.07.2019 പ്രകാരം 30.09.2019 വരെയുള്ള രസീതുകൾ തിരികെ ഏൽപ്പിക്കുവാൻ നിർദ്ദേശിച്ചിട്ടുണ്ടെങ്കിലും കുറെ വർഷങ്ങൾക്ക് മുൻപ് ഇഷ്യൂ ചെയ്ത ഡബിൾ ഫേസ്ഡ് കാർബൺ പകർപ്പ് എടുക്കാൻ പറ്റാത്ത, രസീത് ബുക്കാണ് ഇപ്പോഴും ഉപയോഗിക്കുന്നത്. ഈ അപാകത 2020-21 ഓഡിറ്റ് റിപ്പോർട്ടിൽ ചൂണ്ടിക്കാണിച്ചിട്ടും നാളിതുവരെ യാതൊരുവിധ നടപടിയും സ്വീകരിക്കാതെ തുടരുന്നു. ഉത്തരവാദിത്തപ്പെട്ട നിയന്ത്രണാധികാരി ഈ അപാകത പരിഹരിച്ച് അറിയിക്കേണ്ടതാണ്.

2. രസീത് ബുക്കുകളിൽ സർട്ടിഫിക്കറ്റ് ഓഫ് കൗണ്ട് രേഖപ്പെടുത്തിയിട്ടില്ല .

കേരള ട്രഷറി കോഡ് വാല്യം ഒന്ന് ആർട്ടിക്കിൾ 92(ബി)യിലെ കുറിപ്പ് 2 പ്രകാരം, ഓരോ രസീത് ബുക്കും അവ ലഭ്യമായ ഉടൻ സൂക്ഷ്മമായി പരിശോധിച്ച്, ഓരോ ബുക്കിലേയും ഫാറങ്ങളുടെ എണ്ണം പരിശോധിച്ച്, നിശ്ചിത മാതൃകയിലുള്ള, പേജുകളുടെ എണ്ണം സംബന്ധിച്ച സാക്ഷ്യപത്രം രസീത് ബുക്കിന്റെ പുറം ചട്ടയുടെ ഉൾഭാഗത്ത് ചേർത്ത് സെക്രട്ടറി/അക്കൗണ്ടന്റ്/ചുമതലപ്പെടുത്തിയ ഉദ്യോഗസ്ഥൻ സാക്ഷ്യപ്പെടുത്തേണ്ടതാണ്.

3. കൃഷി ഓഫീസർക്ക് 19.03.2022-ൽ ഇഷ്യൂ ചെയ്തിരിക്കുന്ന രസീത് ബുക്ക് നം.15161 ഉപയോഗിക്കാതെ നിലവിലും സൂക്ഷിക്കുന്നു. ലഭിച്ച രസീത് ബുക്ക് പൂർണ്ണമായും ഉപയോഗിച്ച് തീർന്നതിനു ശേഷം മാത്രമാണ് അടുത്തത് ഇഷ്യൂ ചെയ്യേണ്ടത്.

## 1-12 കമ്പനിക്കെട്ട് സർക്കാർ പുറമ്പോക്ക് സ്ഥലം ലേലം രേഖകൾ ഹാജരാക്കിയില്ല- വരുമാന കൃത്യത ഉറപ്പാക്കാനായില്ല

വാർഡ് ഒന്ന് വലിയ കടമക്കുടി കമ്പനിക്കെട്ടിന്റെ സർക്കാർ പുറമ്പോക്ക് സ്ഥലത്തിന്റെ (01.4480 ഹെക്ടർ, സർവ്വെ നം. 44, 45, 46), 2021-22 വർഷത്തെ ലേലമിനത്തിലായി 93,500/-രൂപ രസീത് നം.121010102271 പ്രകാരം 17.01.2022-ൽ പഞ്ചായത്ത് ഫണ്ടിൽ ഒടുക്കിയിട്ടുള്ളതായി കാണുന്നുണ്ടെങ്കിലും ലേലം നടന്ന തീയതി, ലേലത്തിൽ പങ്കെടുത്തവരുടെ പേരുവിവരങ്ങൾ, ആകെ ലേല തുക, ലേലം ലഭിച്ച ആളുടെ വിവരം, ലേലമിനത്തിലുള്ള ആകെ വരവിൽ പഞ്ചായത്തിന്റെ വിഹിതം(നിലോഹരി & കുഴിപ്പാട്ടം)കണക്കാക്കുന്നത് എപ്രകാരം, തുടങ്ങിയ ലേലവിവരങ്ങളടങ്ങുന്ന രേഖകൾ പരിശോധനയ്ക്കായി ലഭിക്കുന്നതിനായി എൻക്വയറി (നം.32/22.12.2022) കൊടുത്തെങ്കിലും മറുപടി ലഭ്യമാക്കിയില്ല. അതിനാൽ ഈയിനത്തിൽ ലഭ്യമായ വരുമാനത്തിന്റെ കൃത്യത ഉറപ്പുവരുത്താൻ കഴിഞ്ഞിട്ടില്ല. മേൽപ്പറഞ്ഞ രേഖകൾ പരിശോധനയ്ക്കായി ഹാജരാക്കാൻ വേണ്ട നടപടിയെടുക്കേണ്ടതാണ്. "വലിയ കടമക്കുടി കമ്പനിക്കെട്ട് ലേലം" പൂർണ്ണമായ വിവരങ്ങളടക്കം, ലേല രജിസ്റ്ററിൽ രേഖപ്പെടുത്തിയിട്ടില്ല. ലേല രജിസ്റ്റർ പൂർണ്ണമായ വിവരങ്ങൾ രേഖപ്പെടുത്തി കാലികമാക്കി അറിയിക്കേണ്ടതാണ്. മുൻ റിപ്പോർട്ടിൽ ഈ അപാകതകൾ സൂചിപ്പിച്ചിട്ടുള്ളതാണെങ്കിലും നിലവിലും അതേ സ്ഥിതി തന്നെ തുടരുന്നു. അപാകതകൾ പരിഹരിക്കാൻ വേണ്ട നടപടിയെടുക്കേണ്ടതാണ്.

## 1-13 തനത് വരുമാനം വർദ്ധിപ്പിക്കുന്നതിനുള്ള ഉറവിടങ്ങൾ ഫലപ്രദമായി ഉപയോഗിക്കേണ്ടതാണ്

1. വസ്തുനികുതി പരിഷ്കരണത്തിനുശേഷം കൂട്ടിച്ചേർക്കലുകൾ നടത്തിയ വീടുകൾ കണ്ടെത്തി ആനുപാതികമായി വസ്തുനികുതി വർദ്ധിപ്പിക്കുന്നതിന് വാർഡ് ക്ലർക്കുമാരെ ചുമതലപ്പെടുത്തി തീരുമാനിച്ചതായി 11.05.2021-ൽ നടന്ന പഞ്ചായത്ത് കമ്മിറ്റി മീറ്റിംഗിന്റെ മിനിറ്റ്സിൽ രേഖപ്പെടുത്തിയിട്ടുണ്ട്. ഈ കമ്മിറ്റി തീരുമാനം നടപ്പിലാക്കിയതിന്റെ തുടർനടപടി വിവരങ്ങൾ ലഭിക്കുന്നതിനായി എൻക്വയറി (നം.28/21.12.2022) കൊടുത്തെങ്കിലും മറുപടി ലഭ്യമാക്കിയില്ല. ഈ തീരുമാനത്തോടനുബന്ധിച്ചുള്ള തുടർനടപടികൾ സ്വീകരിക്കുന്നത് പഞ്ചായത്തിന്റെ തനത് വരുമാനം വർദ്ധിക്കുവാൻ സഹായകമാകുമെന്നതിനാലതിനുവേണ്ട നടപടികളെടുക്കാവുന്നതാണ്.

2. പഞ്ചായത്ത് പ്രദേശത്ത് സിനിമ ചിത്രീകരണത്തിന് ആദ്യ ദിവസം 5000/- രൂപ നിരക്കിലും തുടർന്നുള്ള ദിവസങ്ങളിൽ 3000/-രൂപ നിരക്കിലും സീരിയലുകൾ, പരസ്യ ചിത്രീകരണം കൊമേർഷ്യൽ ലൈസൻസുള്ള വൻകിട ഷോർട്ട് ഫിലിം എന്നിവയ്ക്ക് ആദ്യ ദിവസം 3000/- രൂപ നിരക്കിലും തുടർന്നുള്ള ദിവസങ്ങളിൽ 1500/-രൂപ നിരക്കിലും ഫീസ് ഈടാക്കുന്നതിനായി 12/04/2022 ലെ 24(1) കമ്മിറ്റി തീരുമാനമുണ്ട്. ഫിലിം ഷൂട്ടിംഗ് ഫീസ് ശേഖരിക്കുന്നതിനായി കുടുംബശ്രീ അംഗങ്ങളെയാണ് നിയോഗിച്ചിരുന്നത്. എന്നാൽ 12/04/2022 ലെ 24(2) കമ്മിറ്റി തീരുമാനപ്രകാരം, കുടുംബശ്രീയുടെ പ്രവർത്തനം ഫലപ്രദമാകുന്നില്ലായെന്ന കാരണത്താൽ കുടുംബശ്രീയെ ഒഴിവാക്കി, ഷൂട്ടിംഗ് നടക്കുന്ന സമയത്ത് നേരിൽ ചെന്ന് ഫീസ് കളക്ട് ചെയ്ത് പഞ്ചായത്ത് ഫണ്ടിൽ അടവാക്കുന്നതിന് മിഥുൻ പി സന്തോഷ്, പണ്ടാരപ്പറമ്പിൽ എന്നയാളെ ചുമതലപ്പെടുത്തുകയും കളക്ട് ചെയ്യുന്ന തുകയുടെ 5% ടിയാന്

വേതനമായി നൽകുന്നതിനും തീരുമാനിച്ചു. എന്നാൽ പഞ്ചായത്തിൽ നിന്നും ഇഷ്യൂ ചെയ്ത രസീത് ബുക്ക് ഉപയോഗിച്ചാണോ ഫീസ് ഈടാക്കിയതെന്നത് വ്യക്തമല്ല. നിയമാനുസൃത രസീത് മുഖേന ഫീസ് കളക്ട് ചെയ്ത് പഞ്ചായത്തിന്റെ തനത് വരുമാനത്തിന്റെ കൃത്യത ഉറപ്പ് വരുത്തേണ്ടതാണ്.

### 1-14 മരാമത്ത് പ്രവൃത്തികളുടെ പൊതു ന്യൂനതകൾ

ഗ്രാമപഞ്ചായത്തിലെ അസിസ്റ്റന്റ് എഞ്ചിനീയർ നിർവ്വഹണോദ്യോഗസ്ഥനായി 2021-22 വർഷത്തിൽ ഏറ്റെടുത്ത മരാമത്ത് പ്രവൃത്തികളുടെ നിർവ്വഹണത്തിലും രേഖകൾ, രജിസ്റ്ററുകൾ സൂക്ഷിക്കുന്നതിൽ അപാകത കാണുന്നു. വിശദവിവരം ചുവടെ ചേർക്കുന്നു.

(1) നിർദ്ദിഷ്ട മാതൃകയിലുള്ള ക്യാഷ്ബുക്ക് (TR 7A ) തയ്യാറാക്കി സൂക്ഷിച്ചിട്ടില്ല.

(2) കരാറുകാരനും നിർവ്വഹണോദ്യോഗസ്ഥനുമായി ചമയ്ക്കുന്ന കരാറുകളിൽ പ്രവൃത്തികളുടെ പൂർത്തീകരണ കാലാവധി രേഖപ്പെടുത്തുന്നില്ല. പൂർത്തീകരണ കാലാവധി രേഖപ്പെടുത്താത്തതിനാൽ പദ്ധതികളുടെ പൂർത്തീകരണത്തിൽ കാലതാമസം ഉണ്ടാകുന്ന പക്ഷം ആവശ്യമായ നിയമനടപടികൾ സ്വീകരിക്കുവാൻ സാധ്യമല്ലാതാകുന്നു.

(3) പി.ഡബ്ല്യു.ഡി. മാന്വൽ സെക്ഷൻ 2113 പ്രകാരമുള്ള കംപ്ലീഷൻ സർട്ടിഫിക്കറ്റ് ഫൈനൽ ബില്ലിനോടൊപ്പം തയ്യാറാക്കിയിട്ടില്ല.

(4) ഭൂരിഭാഗം ഫയലുകളിലും പ്രവൃത്തികളുടെ പൂർത്തീകരണവുമായി ബന്ധപ്പെട്ട് മോണിറ്ററിംഗ് റിപ്പോർട്ട് തയ്യാറാക്കിയിട്ടില്ല.

പ്രസ്തുത ന്യൂനതകൾ ചൂണ്ടിക്കാട്ടി നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നം.33/23.12.22) നിർവ്വഹണ ഉദ്യോഗസ്ഥയായ അസി.എഞ്ചിനിയർ ലഭ്യമാക്കിയ മറുപടിയിൽ അപാകതകൾ ഒഴിവാക്കുന്നതിനാവശ്യമായ നടപടികൾ സ്വീകരിക്കുന്നതാണെന്നറിയിച്ചിട്ടുണ്ട്. ഈ വിഷയത്തിൽ ഭരണസമിതിയുടെ പ്രത്യേക ശ്രദ്ധ ക്ഷണിക്കുന്നു. മരാമത്ത് പ്രവൃത്തികളുടെ നിർവ്വഹണത്തിൽ നിയമാനുസൃത നടപടികൾ സ്വീകരിക്കുന്നുണ്ടെന്ന് ഉറപ്പു വരുത്തേണ്ടതാണ്.

### 1-15 ഐ കെ എം വിഹിതം നൽകൽ - വിനിയോഗ സാക്ഷ്യപത്രം ലഭ്യമായിട്ടില്ല

| | |
|---|---|
| പ്രോജക്ട് | ഐ.കെ.എം. വിഹിതം നൽകൽ, 32/22 |
| നിർവ്വഹണം | സെക്രട്ടറി |
| അടങ്കൽ തുക | ₹ 75,000/- |
| ചെലവ് വിവരം | ₹ 75,000/-(ബിൽ നമ്പർ 04/07.05.2021) |

2021-22 സാമ്പത്തിക വർഷം മേൽ പ്രോജക്റ്റ് പ്രകാരം ഐ.കെ.എം.-ന് അടയ്ക്കേണ്ട വിഹിതം ഇനത്തിൽ ₹75,000/- ഡയറക്ടർ, ഐ.കെ.എം.-ന് നൽകിയിട്ടുണ്ട്. ആയതിന്റെ ധനവിനിയോഗ സാക്ഷ്യപത്രം പരിശോധനക്കായി ഹാജരാക്കുവാൻ ആവശ്യപ്പെട്ടുകൊണ്ട് ഓഡിറ്റ് എൻക്വയറി(01/14.12.2022)നൽകിയതിന് മറുപടി ലഭിച്ചില്ല. വിനിയോഗ സാക്ഷ്യപത്രം ഐ.കെ.എം.-ൽ നിന്ന് ലഭ്യമാകുന്നത് വരെ 75,000/- രൂപയുടെ ചെലവ് തടസ്സത്തിൽ വെയ്ക്കുന്നു.

### 1-16 എസ്.എസ്.എ. വിഹിതം നൽകൽ - വിനിയോഗ വിവരം ലഭ്യമാക്കിയില്ല

| | |
|---|---|
| പ്രോജക്ട് | എസ്.എസ്.എ. വിഹിതം, 31/22 |
| നിർവ്വഹണം | സെക്രട്ടറി |
| അടങ്കൽ തുക | 248900/-(വികസന ഫണ്ട്, ജനറൽ) |
| ചെലവ് വിവരം | 248900/-ബിൽ നമ്പർ 106/05.01.2022) |

ഈ പദ്ധതി പ്രകാരം ജില്ലാ പ്രൊജക്ട് കോർഡിനേറ്റർ, എസ് എസ് എ, എറണാകുളത്തിന്റെ അക്കൗണ്ടിലേക്ക് 248900/-രൂപ ട്രാൻസ്ഫർ ചെയ്തിട്ടുണ്ട്. കേന്ദ്ര മാനവ ശേഷി വികസന മന്ത്രാലയം, സ്കൂൾ എഡ്യുക്കേഷൻ ആന്റ് ലിറ്ററസി വകുപ്പിന്റെ 22.02.2018 ലെ ധാരണാപത്രം ഖണ്ഡിക 4.1 പ്രകാരം Integrated Scheme For School Education: Merging The Centrally Sponsored Schemes Of SSA-യുടെ ചെലവിന്റെ 60 ശതമാനം കേന്ദ്രസർക്കാരും 40 ശതമാനം സംസ്ഥാന സർക്കാരും വഹിക്കണമെന്ന് വ്യവസ്ഥ ചെയ്തിട്ടുണ്ട്. 29.01.2018-ലെ സ.ഉ.(കൈ)നം.11/2018/ത.സ്വ.ഭ.വ പ്രകാരമുള്ള പദ്ധതി മാർഗ്ഗരേഖ ഖണ്ഡിക 5.2.1(2), 7.6.3 എന്നിവ പ്രകാരം ഗ്രാമപഞ്ചായത്തുകൾ സർക്കാർ നിശ്ചയിക്കുന്ന തുക എസ്.എസ്.എ. പ്രോജക്ടുകൾക്ക് വകയിരുത്തണമെന്നും പ്രോജക്ടുകളുടെ വിശദാംശം തയ്യാറാക്കുന്നതിൽ തദ്ദേശഭരണ സ്ഥാപനം മുഖ്യ പങ്ക് വഹിക്കണമെന്നും നിർദ്ദേശിച്ചിട്ടുണ്ട്.

എസ്.എസ്.എ. ജില്ലാ പ്രോജക്ട് കോർഡിനേറ്റർ നൽകിയ 2021-22 വർഷത്തെ പ്രോജക്റ്റ് റിപ്പോർട്ട് പ്രകാരം ഗ്രാമപഞ്ചായത്തിലെ എൽ.പി, യു.പി സ്കൂളുകളിൽ നടപ്പാക്കാനുദ്ദേശിക്കുന്ന പദ്ധതികളിൽ സൗജന്യ പുസ്തക വിതരണം, സൗജന്യ യൂണിഫോം, സ്പെഷ്യൽ നീഡ്സ് ഉള്ള കുട്ടികൾക്ക് (CWSN) പ്രൊവിഷൻ, ലേണിംഗ് എൻഹാൻസ്മെന്റ് പ്രോഗ്രാം (LEP), അദ്ധ്യാപക പരിശീലനം, സ്വയരക്ഷാ

പരിശീലനം, ഇൻക്ലൂസീവ് എജ്യുക്കേഷൻ, പദ്ധതി മോണിട്ടറിംഗ് എന്നീ വിഭാഗങ്ങളിലായി തുക വകയിരുത്തിയിരിക്കുന്നു. ഗ്രാമപഞ്ചായത്തിന്റെ അധീനതയിലുള്ള വിവിധ എൽ.പി, യു.പി സ്കൂളുകളിൽ മേൽ പരാമർശിച്ച മേഖലകളിൽ നടത്തിയ പ്രവർത്തനങ്ങളെക്കുറിച്ചും അടിസ്ഥാന സൗകര്യങ്ങൾ എത്രത്തോളം പുരോഗമിച്ചുവെന്നതിനെക്കുറിച്ചും തുടർ നിരീക്ഷണം ഉണ്ടായിട്ടുണ്ടെങ്കിൽ ആയത് വിശദീകരിക്കേണ്ടതാണ്.

എല്ലാ വർഷവും വിദ്യാഭ്യാസമേഖലയുടെ ഉന്നമനത്തിനായി തുക ചെലവഴിക്കുന്നുണ്ടെങ്കിലും വിദ്യാഭ്യാസമേഖലക്ക് എത്രത്തോളം പ്രയോജനം സിദ്ധിച്ചുവെന്നത് വിലയിരുത്തുകയോ നിരീക്ഷണത്തിനു വിധേയമാക്കുകയോ ചെയ്തിട്ടില്ലായെന്നത് അധികൃതരുടെ ഭാഗത്തു നിന്നുള്ള വീഴ്ചയാണ്. ഗ്രാമപഞ്ചായത്തിലെ എത്ര എൽ.പി, യു.പി സ്കൂളുകൾക്ക് മേൽപ്പറഞ്ഞ വിഭാഗങ്ങളിലെ സൗകര്യങ്ങൾ എത്രത്തോളം പ്രായോഗികമായി നടപ്പാക്കി എന്നത് സംബന്ധിച്ചും, സ്കൂളുകൾ കേന്ദ്രീകരിച്ച് ജനപ്രതിനിധികളുടെ നേതൃത്വത്തിൽ ഒരു അവലോകനം നടത്താതിരുന്നതും, അതിലൂടെ ഫണ്ട് വിനിയോഗം ശരിയായി നടപ്പാകുന്നുവെന്ന് ഉറപ്പു വരുത്താതിരുന്നതും വിശദീകരിക്കേണ്ടതാണ്. മേൽ അപാകതകൾ വിശദീകരിക്കുവാൻ ഓഡിറ്റ് എൻക്വയറി(നം.04/13.12.2022)മുഖേനയാവശ്യപ്പെട്ടതിന് മറുപടി ലഭിച്ചില്ല. വിനിയോഗ വിവരം ലഭ്യമാകുന്നത് വരെ ഈയിനത്തിൽ ചെലവഴിച്ച 248900/-രൂപയുടെ ചെലവ് തടസ്സത്തിൽ വെയ്ക്കുന്നു.

## 1-17 വിവിധ അങ്കണവാടികളുടെ പുനർ നിർമ്മാണം/നിർമ്മാണം- പൂർത്തീകരണ വിവരം ഇല്ല

ഗ്രാമപഞ്ചായത്തിൽ 2021-22 വർഷം സെക്രട്ടറി നടപ്പാക്കിയ താഴെ ചേർക്കുന്ന പ്രോജക്ടുകളുടെ പൂർത്തീകരണ വിവരവും തുകയുടെ വിനിയോഗവിവരവും ലഭ്യമാക്കുന്നതിന് ആവശ്യപ്പെട്ടിരുന്നു.

| പ്രോജക്ട് | ചെലവ് തുക | ബിൽ നം/തീയതി | തുക നൽകിയ സ്ഥാപനം |
|---|---|---|---|
| 12-ാം നമ്പർ അങ്കണവാടി പുനർ നിർമ്മാണം വിഹിതം കൈമാറൽ(വാർഡ് 6),44/2022 | 1)375000<br>2)150000 | 58/26.10.2021<br>59/26.10.2021 | എം.ജി.എൻ.ആർ.ഇ.ജി.എസ് സ്റ്റേറ്റ് മിഷൻ |
| 19-ാം നമ്പർ അങ്കണവാടി നിർമ്മാണം വിഹിതം കൈമാറൽ(വാർഡ് 11),127/2022 | 1)175081<br>2)375000 | 61/26.10.2021<br>60/26.10.2021 | ,, |
| 8-ാം നമ്പർ അങ്കണവാടി പുനർനിർമ്മാണം വിഹിതം കൈമാറൽ(വാർഡ് 11),138/22 | 1)200000<br>2)300000 | 136/07.02.2022<br>135/07.02.2022 | ,, |
| 16-ാം നമ്പർ അങ്കണവാടി പുനർനിർമ്മാണം വിഹിതം കൈമാറൽ(വാർഡ് 7),165/22 | 600000 | 217/22.03.2022 | ,, |
| 3-ാം നമ്പർ അങ്കണവാടി പുനർനിർമ്മാണം വിഹിതം കൈമാറൽ(വാർഡ് 2),42/22 | 1)200000<br>2)375000 | 57/ 26.10.2021<br>56/ 26.10.2021 | ,, |
| ആകെ | 2750081 | | |

മേൽ പ്രവൃത്തികളുടെ പൂർത്തീകരണ വിവരവും തുകയുടെ വിനിയോഗവിവരവും ലഭ്യമായിട്ടുണ്ടെങ്കിൽ വിശദാംശങ്ങൾ ഓഡിറ്റിൽ അറിയിക്കുവാൻ 14.12.2022 ലെ 5-ാം നമ്പർ എൻക്വയറി മുഖേന ആവശ്യപ്പെട്ടതിന് ലഭിച്ച മറുപടിയിൽ കെട്ടിട നിർമ്മാണം പൂർത്തീകരിക്കുന്ന മുറയ്ക്ക് വിവരം അറിയിക്കുന്നതാണെന്ന് വിശദീകരിച്ചു. ചെലവഴിച്ച തുകയുടെ പൂർണ്ണമായ വിനിയോഗ വിവരം ലഭ്യമാകുന്നത് വരെ 27,50,081/-രൂപയുടെ ചെലവ് തടസ്സത്തിൽ വെയ്ക്കുന്നു.

## 1-18 മഴക്കാല പൂർവ്വ ശുചീകരണം - രേഖകൾ ലഭ്യമായില്ല

ഗ്രാമപഞ്ചായത്തിലെ 13 വാർഡുകളിലും മഴക്കാല പൂർവ്വ ശുചീകരണ പ്രവർത്തനങ്ങൾ നടത്തുന്നതിലേക്കായി വാർഡൊന്നിന് ₹15,000/- രൂപ വീതം ഓഡിറ്റ് വർഷത്തിൽ ചെലവഴിച്ചിട്ടുണ്ട്. ഇതിൽ ₹10,000/- ശുചിത്വ മിഷൻ വിഹിതവും ₹5,000/- ഗ്രാമപഞ്ചായത്ത് വിഹിതവും ആണ് വിഭാവനം ചെയ്തിരുന്നത്. ശുചിത്വമിഷൻ വിഹിതം ലഭ്യമാവാത്ത സാഹചര്യത്തിൽ പഞ്ചായത്ത് തനത് ഫണ്ടിൽ നിന്നുമാണ് ₹15,000/- വീതം 13 വാർഡുകളിലേക്കായി ₹1,95,000/- ചെലവഴിച്ചിരിക്കുന്നത്. ശുചിത്വമിഷൻ വിഹിതം ലഭ്യമാകുന്ന മുറയ്ക്ക് തനത് ഫണ്ടിലേക്ക് റീക്കൂപ്പ് ചെയ്യുമെന്ന വ്യവസ്ഥയിലാണ് തുക തനത് ഫണ്ടിൽ നിന്നും ചെലവഴിച്ചത്. ഈ തുക തിരികെ ലഭ്യമായിട്ടുണ്ടെങ്കിൽ ആയതിന്റെ വിവരം രേഖകൾ സഹിതം ലഭ്യമാക്കണമെന്നും മഴക്കാല പൂർവ്വ ശുചീകരണ പ്രവൃത്തിക്കായി ചെലവാക്കിയ ₹1,95,000/-ന്റെ ചെലവ് രേഖകൾ ഓഡിറ്റിന് ലഭ്യമാക്കേണ്ടതാണ് എന്നും വ്യക്തമാക്കിക്കൊണ്ട് (29/21.12.22) നൽകിയ ഓഡിറ്റ് എൻക്വയറിക്ക് മറുപടി ലഭ്യമാക്കിയില്ല. ചെലവ് രേഖകളുടെ അഭാവത്തിൽ ചെലവ് തുക ₹1,95,000/- ഓഡിറ്റ് തടസ്സപ്പെടുത്തുന്നു. ശുചിത്വമിഷൻ വിഹിതം ലഭ്യമായതിന്റെ വിവരങ്ങൾ ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

## 1-19 പാലിയേറ്റീവ് ഡ്രൈവർക്ക് വേതനം അനുവദിച്ചതിലെ അപാകതകൾ

| | |
|---|---|
| പ്രോജക്ട് | സാന്ത്വന പരിചരണം,03/22 |

| | |
|---|---|
| നിർവ്വഹണം | മെഡിക്കൽ ഓഫീസർ |
| അടങ്കൽ | 501450/- |
| ചെലവ് | 415335/- |

2021 ജൂൺ, ഒക്ടോബർ, നവംബർ, ഡിസംബർ മാസങ്ങളിൽ പാലിയേറ്റീവ് വാഹനഡ്രൈവറുടെ വേതനം അനുവദിച്ചത് ഹോംകെയർ റിപ്പോർട്ടുമായി പൊരുത്തപ്പെടുന്നില്ല. അധിക വിവരങ്ങൾ താഴെ ചേർക്കുന്നു.

| | ജൂൺ | ഒക്ടോബർ | നവംബർ | ഡിസംബർ |
|---|---|---|---|---|
| ഹോംകെയർ റിപ്പോർട്ട് പ്രകാരം ഡ്രൈവർ ഡ്യൂട്ടി ചെയ്ത ദിനങ്ങൾ, അനുവദിക്കാവുന്ന വേതനം | 18 ദിവസം (@800/-) =14,400/- | 11 ദിവസം(@800/-) =8,800/- | 14 ദിവസം(@800/-) =11,200 | 14 ദിവസം(@800/-) =11,200 |
| വേതനം അനുവദിച്ച ദിനങ്ങൾ, തുക | 20 ദിവസം (@800/-) =16,000/- | 17 ദിവസം(@800/-) =13,600/- | 16 ദിവസം (@800/-) =12,800/- | 15 ദിവസം(@800/-) =12,000/- |
| അധികം അനുവദിച്ച വേതനം | 16,000-14,400 =1,600 | 13,600-8,800 =4,800 | 12,800-11,200 =1,600 | 12,000-11,200 =800 |

ഡ്രൈവർക്ക് അധികമായി ആകെ അനുവദിച്ചത് 8,800/-രൂപയാണ്. ഡ്യൂട്ടി ചെയ്ത ദിവസങ്ങളും യാത്ര പോയ സ്ഥലങ്ങളുടെ വിവരങ്ങളും രേഖപ്പെടുത്തി മെഡിക്കൽ ഓഫീസർ സാക്ഷ്യപ്പെടുത്തിയിട്ടുള്ള വാഹനത്തിന്റെ ട്രിപ്പ് ഷീറ്റുകൾ ഫയലിൽ ഉൾക്കൊള്ളിച്ചിട്ടില്ല. ആയതിനാൽ ഹോംകെയർ റിപ്പോർട്ടിൽ പാലിയേറ്റീവ് നഴ്സ് രേഖപ്പെടുത്തിയ വിവരങ്ങൾ അടിസ്ഥാനപ്പെടുത്തിയാണ് ഡ്രൈവറുടെ ഡ്യൂട്ടി ദിനങ്ങൾ കണക്കാക്കിയിട്ടുള്ളത്. മേൽ അപാകത വിശദീകരിക്കുവാനും ആയത് പരിഹരിക്കുന്നതിനാവശ്യമായ രേഖകൾ ഹാജരാക്കുവാനുമാവശ്യപ്പെട്ടുള്ള എൻക്വയറിയ്ക്ക് (നം.12/17.12.2022) മതിയായ രേഖകൾ ഹാജരാക്കുന്നതാണെന്ന് മറുപടി നൽകി. ഒക്ടോബർ, നവംബർ മാസങ്ങളിൽ മേൽ പ്രകാരം 14 ദിവസങ്ങളിലായി വേതനം അനുവദിച്ചതിനെ സാധൂകരിക്കുന്ന രേഖകൾ (വാഹനത്തിന്റെ ലോഗ് ബുക്കും ട്രിപ്പ് ഷീറ്റും) ഹാജരാക്കുന്നത് വരെ വേതനമിനത്തിൽ അധികം അനുവദിച്ച 8,800/-രൂപ തടസ്സപ്പെടുത്തുന്നു.

കൂടാതെ ഡ്രൈവറുടെ വേതനമിനത്തിൽ തൻ വർഷം നൽകിയത് 1,21,600/-രൂപയാണ്. ആയതിന് ആദായ നികുതി നിയമത്തിലെ 194സി പ്രകാരമുള്ള 1% നികുതി ഈടാക്കിയിട്ടുമില്ല. മേൽപ്പറഞ്ഞ ഡ്രൈവറിൽ നിന്നും നിയമാനുസൃത ആദായ നികുതി ഈടാക്കി ആവശ്യമായ രേഖകൾ സഹിതം ഓഡിറ്റിന് മുൻപാകെ ഹാജരാക്കുന്നതുമാണെന്ന് അറിയിച്ചു. രേഖകൾ ഓഡിറ്റിന് മുൻപാകെ ഹാജരാക്കേണ്ടതാണ്.

## 1-20 മരുന്ന് ലഭ്യമാക്കിയിട്ടില്ല

| | |
|---|---|
| പ്രോജക്ട് നടപ്പിലാക്കിയ ഉദ്യോഗസ്ഥൻ | മെഡിക്കൽ ഓഫീസർ, ആയുർവേദം. |
| പ്രോജക്ട് നം. | 56/21-22 |
| ബിൽ നം./തീയതി | 3/21-22 തീയതി. 28.01.22 |
| പ്രോജക്ടിന്റെ പേര് | ഹോമിയോ ആശുപത്രിയിലേക്ക് മരുന്ന് വാങ്ങൽ |
| ആകെ പദ്ധതി അടങ്കൽ | ₹ 1,50,000/- മെയിന്റനൻസ് ഫണ്ട്(റോഡിതരം) |
| ആകെ പദ്ധതി ചെലവ് | ₹ 1,50,000/- |

മെഡിക്കൽ ഓഫീസർ, ആയുർവേദം 2021-22 സാമ്പത്തിക വർഷത്തിൽ നടപ്പിലാക്കിയ ഈ പദ്ധതിയിൽ 1,50,000/-രൂപ ഹോംകോയിൽ നിന്നും മരുന്ന് വാങ്ങുന്നതിനായി ചെലവഴിച്ചു. എന്നാൽ ആശുപത്രിയിൽ, മരുന്ന് ഇതുവരെ ലഭിച്ചിട്ടില്ല. വിശദീകരണം ലഭ്യമാക്കുന്നതിന് ഓഡിറ്റ് എൻക്വയറി(നം.11/17.12.2022)മുഖേന ആവശ്യപ്പെട്ടതിന് മറുപടിയായി മരുന്ന് ഇതുവരെ ലഭിച്ചിട്ടില്ലായെന്ന് അറിയിക്കുകയുണ്ടായി. മരുന്ന് ലഭിക്കുന്നത് വരെ 1,50,000/-രൂപയുടെ ചെലവ് തടസ്സപ്പെടുത്തുന്നു.

1-21 തെരുവ് വിളക്കുകളുടെ പരിപാലനം - രജിസ്റ്റർ പരിപാലിച്ചിട്ടില്ല

| | |
|---|---|
| പ്രോജക്ട് | തെരുവ് വിളക്ക് പരിപാലനം(എ.എം.സി),116/22 |
| നിർവ്വഹണം | സെക്രട്ടറി |
| അടങ്കൽ തുക | 123970/-(സി.എഫ്.സി) |
| ചെലവ് വിവരം | 1) 50,008/-ബിൽ നമ്പർ 178/08.03.2022<br>2) 73,935/-ബിൽ നമ്പർ 54/26.10.2021)<br>ആകെ - 1,23,943/- |

തെരുവ് വിളക്കുകളുടെ പരിപാലനത്തിനായി തൻവർഷം ₹1,23,943/- ചെലവഴിച്ചിട്ടുണ്ട്. പഞ്ചായത്ത് ഡയറക്ടറുടെ സർക്കുലർ ജി-2-44274/2015 തീ. 17.08.2015 പ്രകാരം ഗ്രാമപഞ്ചായത്ത് പ്രദേശത്തെ മുഴുവൻ തെരുവ് വിളക്കുകളുടെയും വിവരങ്ങൾ പോസ്റ്റ് നമ്പർ ഉൾപ്പെടെ രേഖപ്പെടുത്തി ഒരു രജിസ്റ്റർ തയ്യാറാക്കേണ്ടതാണെങ്കിലും ആയത് സൂക്ഷിച്ചിട്ടില്ല. വാർഡ് തലത്തിൽ വാർഡ് മെമ്പർ ചെയർമാനായുള്ള മോണിട്ടറിംഗ് സമിതി രൂപീകരിക്കുകയും ഓരോ വാർഡിലെയും സ്ട്രീറ്റ് ലൈറ്റുകളുടെ അറ്റകുറ്റപണികൾ പഞ്ചായത്തിലെ ഭരണ സമിതിയിലെ അംഗങ്ങൾ അസി.എഞ്ചിനീയർ, സെക്രട്ടറി, കെ.എസ്.ഇ.ബി. ഉദ്യോഗസ്ഥർ തുടങ്ങിയവരുടെ നേതൃത്വത്തിൽ രൂപീകൃതമായ മോണിറ്ററിംഗ് കമ്മിറ്റിയുടെ റിപ്പോർട്ടുകൾ സമാഹരിച്ച് തെരഞ്ഞെടുത്ത വാർഡുകളിൽ നേരിട്ട് പരിശോധന നടത്തി പ്രവർത്തനം വിലയിരുത്തേണ്ടതുമാണ്. ഉപകരണങ്ങൾ വാങ്ങുമ്പോൾ സ്റ്റോക്ക് രജിസ്റ്റർ സൂക്ഷിക്കേണ്ടതും കേടായ സാധനങ്ങൾ അതാത് ദിവസം പഞ്ചായത്തിൽ തിരികെ കൊണ്ട് വന്ന് രജിസ്റ്റർ ഓഫ് അൺ സർവ്വീസബിൾ ഐറ്റംസ് എന്ന രജിസ്റ്ററിൽ ചേർക്കേണ്ടതുമാണ്. എന്നാൽ അപ്രകാരം ചെയ്തിട്ടില്ല. മേൽ അപാകതകൾക്ക് കാരണം വിശദീകരിക്കുവാൻ ഓഡിറ്റ് എൻക്വയറി(നം.03/13.12.2022)ആവശ്യപ്പെട്ടതിന് ലഭിച്ച മറുപടിയിൽ തെരുവ് വിളക്കുകളുടെ വിവരങ്ങൾ രേഖപ്പെടുത്തിയ ഒരു രജിസ്റ്റർ എഴുതി സൂക്ഷിക്കുന്നതാണെന്ന് അറിയിച്ചിട്ടുണ്ട്. കൂടാതെ വാർഡുതല മോണിട്ടറിംഗ് സമിതി രൂപീകരിച്ച് വാർഡുകളിൽ ആവശ്യമായ പ്രവർത്തന വിലയിരുത്തൽ നടത്തുന്നതാണെന്നും വിശദീകരിച്ചു. അപാകതകൾ പരിഹരിച്ച് വിവരം അറിയിക്കേണ്ടതാണ്.

1-22 സ്മാർട്ട് ഗാർബേജ് മോണിറ്ററിംഗ് സിസ്റ്റം - തുക നൽകിയെങ്കിലും പ്രാഥമിക നടപടികൾ പൂർത്തിയാക്കിയില്ല

| | |
|---|---|
| പ്രോജക്ട് | സ്മാർട്ട് ഗാർബേജ്, 157/22 |
| നിർവ്വഹണം | സെക്രട്ടറി |
| അടങ്കൽ തുക | 2,00,000/- (സെൻട്രൽ ഫിനാൻസ് കമ്മീഷൻ ഗ്രാന്റ്) |
| ചെലവ് വിവരം | 1,42,900/- ബിൽ നമ്പർ 106/05.01.2022) |

ഗ്രാമപഞ്ചായത്തിലെ മാലിന്യ നിർമ്മാർജ്ജന പ്രവർത്തനങ്ങൾക്ക് കാര്യക്ഷമമായ മോണിറ്ററിംഗ് സമ്പ്രദായം ഏർപ്പെടുത്തുക എന്ന ലക്ഷ്യത്തോടെ ആവിഷ്കരിച്ച 'ഹരിതമിത്രം' -സ്മാർട്ട് ഗാർബേജ് മോണിറ്ററിംഗ് സിസ്റ്റം നടപ്പിലാക്കുന്നതിനായി സർവ്വീസ് ചാർജ്ജ്,എസ്.എം.എസ് ചാർജ്ജിനങ്ങളിൽ യഥാക്രമം 135700 രൂപ, 7200 രൂപ എന്നിങ്ങനെ ആകെ 1,42,900/- രൂപ പദ്ധതി പ്രകാരം കെൽട്രോണിന് നൽകിയിട്ടുണ്ട്. തദ്ദേശസ്വയംഭരണ വകുപ്പിന്റെ 28/06/2021 ലെ ജി.ഒ (ആർ.ടി ) 1220/2021/LSGD ഉത്തരവ് പ്രകാരം അംഗീകരിച്ച സ്മാർട്ട് ഗാർബേജ് മോണിറ്ററിംഗ് സിസ്റ്റം എന്ന പദ്ധതിയിലൂടെ ശുചിത്വമിഷൻ നൽകുന്ന ഹരിതമിത്രം സോഫ്റ്റ്‌വെയറിന്റെ കോൺഫിഗറേഷൻ, ആറുമാസകാലയളവിലേക്ക് ടെക്നിക്കൽ സപ്പോർട്ട്, ഹരിതകർമ്മസേനാംഗങ്ങൾക്കും മറ്റുള്ളവർക്കുമുള്ള പരിശീലനം എന്നിവക്കാണ് കെൽട്രോണിന് സർവ്വീസ് ചാർജ്ജ് നൽകുന്നത്. ഇതിനു പുറമേ 55385 എണ്ണം എസ്.എം.എസ്. സേവനങ്ങൾക്കുള്ള തുകയും കൂടിയാണ് മുൻകൂറായി നൽകിയത്. കെൽട്രോണുമായി 18.03.2022ൽ ഏർപ്പെട്ട കരാർ പ്രകാരം ഈ പദ്ധതി നടപ്പാക്കാനാവശ്യമായ ഭൗതിക സാഹചര്യങ്ങളും (കംപ്യൂട്ടർ, ക്യൂ.ആർ കോഡ് പ്രിന്റിംഗ്, മാലിന്യം ശേഖരിക്കുന്ന വാഹനങ്ങളിൽ ജി.പി.എസ് ഘടിപ്പിക്കൽ) മനുഷ്യവിഭവശേഷിയും (നോഡൽ ഓഫീസർ, ഹെൽത്ത് സ്റ്റാഫ്, ടെക്നിക്കൽ അസിസ്റ്റൻസ്, ഹരിത കർമ്മസേന) ഡാറ്റയും (പദ്ധതി ഗുണഭോക്താക്കളുടെ വിശദവിവരങ്ങൾ, ഫോൺ നമ്പർ) ഗ്രാമപഞ്ചായത്ത് നൽകിയ ശേഷമാണ് പദ്ധതിയുടെ തുടർ നടപടികൾ സാധ്യമാകുകയുള്ളൂ. ഈ നടപടികളൊന്നും പൂർത്തീകരിക്കാതെയാണ് ആറുമാസകാലയളവിലേക്ക് ഹരിതമിത്രം എന്ന സോഫ്റ്റ്‌വെയറിന്റെ സർവ്വീസ് ചാർജ്ജ്, എസ്.എം.എസ്. സേവനങ്ങൾക്കുള്ള തുകയായ 1,42,900/- രൂപ കെൽട്രോണിന് മുൻകൂറായി നൽകിയത്. നിലവിൽ ഈ പ്രവൃത്തി പ്രവർത്തന ക്ഷമമാണോ എന്ന കാര്യം അറിയിക്കേണ്ടതാണ്. മേൽ അപാകത വിശദീകരിക്കുവാൻ ഓഡിറ്റ് എൻക്വയറി(നം.09/17.12.2022) മുഖേന ആവശ്യപ്പെട്ടതിന് ലഭിച്ച മറുപടിയിൽ അടിയന്തിരമായി പദ്ധതി പൂർത്തീകരിക്കുന്നതാണെന്ന് അറിയിച്ചു. പദ്ധതിയുടെ പൂർത്തീകരണ വിവരം ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

1-23 സ്ട്രീറ്റ് ലൈൻ സ്ഥാപിക്കൽ- അപാകതകൾ

| | |
|---|---|
| പ്രോജക്ട് | സ്ട്രീറ്റ് ലൈൻ സ്ഥാപിക്കൽ, 38/22 |
| നിർവ്വഹണം | സെക്രട്ടറി |
| അടങ്കൽ തുക | 2,00,000/-(വികസന ഫണ്ട്, ജനറൽ) |
| ചെലവ് വിവരം | 1)10,053/-ബിൽ നമ്പർ 53/26.10.21<br>2)36,202/-ബിൽ നമ്പർ 94/17.12.21<br>3)54,839/-ബിൽ നമ്പർ 105/05.01.22<br>4)57,702/-ബിൽ നമ്പർ 141/10.02.22<br>5)15,225/-ബിൽ നമ്പർ 171/04.03.22<br>ആകെ-1,74,021/- |

സ്ട്രീറ്റ് ലൈറ്റ് സ്ഥാപിക്കുന്നതിനായുള്ള മേൽ പ്രൊജക്ടിന്റെ നിർവ്വഹണത്തിനായി 174021/-രൂപ ഇലക്ട്രിക്കൽ സെക്ഷൻ, കെ.എസ്.ഇ.ബി, എറണാകുളത്തിന് നൽകിയിട്ടുണ്ട്. ആയതിന്റെ ഫയൽ പരിശോധനയിൽ കണ്ട താഴെപ്പറയുന്ന അപാകതകൾക്ക് മറുപടി ലഭ്യമാക്കേണ്ടതാണ്.

1. ഏതൊക്കെ വാർഡുകളിൽ ഏതൊക്കെ സ്ഥലങ്ങളിലേക്കാണ് സ്ട്രീറ്റ് ലൈൻ സ്ഥാപിക്കേണ്ടത് എന്നതിനായി വിശദമായ എസ്റ്റിമേറ്റ് തയ്യാറാക്കിയിട്ടില്ല.
2. G.O (P) No.3/2013/SPD, Dated 21.06.2013 നമ്പർ സ്റ്റോർ പർച്ചേസ് മാന്വൽ ഖണ്ഡിക 8-17, ഖ.8-19 എന്നിവ പ്രകാരം 1,00,000/-രൂപയിൽ കൂടുതൽ ഉള്ള കരാർ തുകകൾക്ക് 5% പെർഫോർമൻസ് സെക്യൂരിറ്റി ഈടാക്കേണ്ടതാണ്. ആയത് ഈടാക്കിയതിന്റെ വിവരം ലഭ്യമാക്കിയിട്ടില്ല. മേൽ അപാകതകൾ വിശദീകരിക്കുവാൻ ഓഡിറ്റ് എൻക്വയറി(നം.10/15.12.2022)മുഖേന ആവശ്യപ്പെട്ടതിന് ലഭിച്ച മറുപടിയിൽ ഗ്രാമപഞ്ചായത്തിന്റെ ഓരോ വാർഡിലും സ്ട്രീറ്റ് ലൈൻ വലിക്കുന്നതിന് അതത് വാർഡ് മെമ്പർമാർ പോസ്റ്റ് സ്ഥാപിക്കേണ്ട സ്ഥലവും പോസ്റ്റ് നമ്പരുകളും കാണിച്ച് പഞ്ചായത്ത് കമ്മിറ്റിയിൽ കത്ത് നൽകുകയും കമ്മിറ്റിയുടെ അജണ്ടയിൽ ഉൾപ്പെടുത്തി ചർച്ച ചെയ്തതിനു ശേഷം എസ്റ്റിമേറ്റ് എടുത്തു നൽകുന്നതിന് കെ.എസ്.ഇ.ബി.യിൽ തുക കെട്ടിവെയ്ക്കുകയുമാണ് ചെയ്യുന്നത്. ആയവ ഒറ്റ പ്രവൃത്തിയായി ചെയ്യാതെ മെമ്പർമാർ ആവശ്യപ്പെടുന്ന മുറയ്ക്ക് പല മാസങ്ങളിലായിട്ടാണ് പ്രവൃത്തി നടപ്പിലാക്കുന്നത്. കൂടാതെ എസ്റ്റിമേറ്റ് തുകകൾ എല്ലാം തന്നെ ഒരു ലക്ഷത്തിൽ താഴെയായതിനാലുമാണ് 5% പെർഫോർമൻസ് സെക്യൂരിറ്റി ഈടാക്കാത്തതെന്നും അറിയിക്കുകയുണ്ടായി. എന്നാൽ ഓരോ സാമ്പത്തിക വർഷവും ആരംഭിക്കുന്നതിന് മുൻപായി ഓരോ വാർഡിലും സ്ഥാപിക്കേണ്ടുന്ന സ്ട്രീറ്റ് ലൈറ്റുകളുടെ എണ്ണം സംബന്ധിച്ച് വിശദമായൊരു അന്വേഷണം നടത്തി ആയതിന്മേൽ തുടർ നടപടികൾ സ്വീകരിക്കേണ്ടതിന് പകരം ഇത്തരത്തിൽ പല മാസങ്ങളിലായി പ്രവൃത്തി നടപ്പാക്കുന്നതു കാരണം മെറ്റീരിയലിന്റെ വില വർദ്ധിക്കുന്നതിന് അനുസരിച്ച് അധിക തുക നൽകേണ്ടതായി വരുന്നു. ആയതിനാൽ ഒറ്റ തവണയായി തന്നെ എസ്റ്റിമേറ്റ് തയ്യാറാക്കി പ്രവൃത്തികൾ നടപ്പാക്കുന്നതിനി ശ്രദ്ധിക്കേണ്ടതാണ്. എസ്റ്റിമേറ്റിലെ ഒരു തുക ഒരു ലക്ഷത്തിലും അധികമായതിനാലാണ് 5% പെർഫോർമൻസ് സെക്യൂരിറ്റി ഈടാക്കണമെന്ന് നിർദ്ദേശിച്ചത്. അപാകതകൾ പരിഹരിച്ച് വിവരം ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

## 1-24 പാലിയേറ്റീവ് പരിചരണം ഗുണഭോക്തൃ ലിസ്റ്റ് - വെബ്ബ് സൈറ്റിൽ പ്രസിദ്ധീകരിച്ചിട്ടില്ല

| | |
|---|---|
| പ്രൊജക്ട് | സാന്ത്വന പരിചരണം,03/22 |
| അടങ്കൽ | ₹ 5,01,450/- (വികസന ഫണ്ട് ) |
| ചെലവ് | ₹ 4,15,335/- |
| നിർവഹണ ഉദ്യോഗസ്ഥൻ | മെഡിക്കൽ ഓഫീസർ, പി.എച്ച്.സി., കടമക്കുടി |

09.10.15ലെ സ.ഉ(സാധാ) നമ്പർ 3217/2015/തസ്വഭവ ഉത്തരവിലെ 2-5(6)പ്രകാരം നോമിനൽ രജിസ്റ്ററിൽ ഉൾപ്പെട്ടിരിക്കുന്ന രോഗികളുടെ പേര് വിവരം തദ്ദേശഭരണ സ്ഥാപനത്തിന്റെ വെബ്ബ് സൈറ്റിൽ പ്രസിദ്ധീകരിക്കേണ്ടതാണെന്നും തുടർന്ന് രജിസ്റ്ററിൽ കാലാകാലങ്ങളിൽ വരുത്തുന്ന കൂട്ടിച്ചേർക്കലുകളും ഒഴിവാക്കലുകളും അതാത് സമയത്ത് വെബ്ബ് സൈറ്റിലുള്ള ലിസ്റ്റുകളിലും വരുത്തേണ്ടതാണെന്നും വെബ്ബ് സൈറ്റിൽ ലിസ്റ്റ് പ്രസിദ്ധീകരിക്കാതെ പാലിയേറ്റീവ് കെയർ പ്രോജക്ടിൽനിന്നും തുക ചെലവഴിക്കാൻ പാടില്ലായെന്നും നിർദ്ദേശിച്ചിട്ടുണ്ട്. എന്നാൽ കടമക്കുടി ഗ്രാമപഞ്ചായത്തിലെ പാലിയേറ്റീവ് നോമിനൽ രജിസ്റ്ററിൽ ഉൾപ്പെട്ട രോഗികളുടെ പേര് വിവരം തദ്ദേശഭരണ സ്ഥാപനത്തിന്റെ വെബ്ബ് സൈറ്റിൽ പ്രസിദ്ധീകരിക്കാതെയാണ് ചെലവ് നടത്തിയിട്ടുള്ളത്. അപാകത വിശദീകരിക്കുവാൻ ഓഡിറ്റ് എൻക്വയറി(നം.13/17.12.2022)മുഖേന ആവശ്യപ്പെട്ടതിന് ലഭിച്ച മറുപടിയിൽ കാലാകാലങ്ങളിൽ വന്നിട്ടുള്ള മാറ്റങ്ങൾ ഉൾപ്പെടുത്തി കിടപ്പ് രോഗികളുടെ വിവരങ്ങൾ ഉൾപ്പെടുത്തി വെബ്ബ്സൈറ്റിൽ പബ്ലിഷ് ചെയ്യുന്നതിനുള്ള നടപടികൾ സ്വീകരിക്കുന്നതാണെന്ന് അറിയിച്ചിട്ടുണ്ട്. തുടർ നടപടികളുടെ വിവരം ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

## 1-25 പാലിയേറ്റീവ് പരിചരണ പദ്ധതി - പി.എം.സി. യോഗങ്ങൾ ചേരുന്നതിൽ മാർഗ്ഗരേഖ നിർദ്ദേശങ്ങൾ പാലിക്കേണ്ടതാണ്

| | |
|---|---|
| പ്രോജക്ട് | സാന്ത്വന പരിചരണം,03/22 |
| നിർവ്വഹണ ഉദ്യോഗസ്ഥൻ | മെഡിക്കൽ ഓഫീസർ (പി.എച്ച്.സി.) |
| അടങ്കൽ,ഫണ്ടിനം | ₹ 5,01,450/- (വികസന ഫണ്ട് ജനറൽ) |
| ചെലവ് | ₹ 4,15,335/- |

പാലിയേറ്റീവ് പരിചരണ പ്രവർത്തനങ്ങളുടെ പരിഷ്കരിച്ച മാർഗ്ഗരേഖ സ.ഉ (സാധാ) നം.553/2019 /ത.സ്വ.ഭ.വ തി.07-03-2019 ലെ ഖണ്ഡിക 2.9.1 പ്രകാരം പാലിയേറ്റീവ് കെയർ പ്രോജക്ടിന്റെ നടത്തിപ്പിനും മേൽനോട്ടം വഹിക്കുന്നതിനുമായി ഓരോ സാമ്പത്തിക വർഷാവസാനത്തിനു മുമ്പും പാലിയേറ്റീവ് കെയർ മാനേജ്മെന്റ് കമ്മിറ്റി (പി.എം.സി) രൂപീകരിക്കേണ്ടതാണ്. രണ്ട് മാസത്തിലൊരിക്കലോ, ആവശ്യാനുസരണമോ പി.എം.സി. യോഗം ചേരേണ്ടതാണ്. പാലിയേറ്റീവ് പ്രവർത്തനം പി.എം.സി. വിലയിരുത്തേണ്ടതും പരിഹാര നടപടികൾക്കുള്ള തീരുമാനം എടുക്കേണ്ടതുമാണ്. ഓരോ മാസത്തേയും റിപ്പോർട്ടും വരവ്- ചെലവ് കണക്കുകളും മെമ്പർ സെക്രട്ടറി യോഗത്തിൽ അവതരിപ്പിക്കേണ്ടതും പി.എം.സി ആയത് അംഗീകരിക്കേണ്ടതുമാണ്.

പി.എം.സി യോഗങ്ങളുടെ രജിസ്റ്റർ പരിശോധിച്ചതിൽ 2021-22 സാമ്പത്തിക വർഷത്തിൽ ആകെ ഒരു തവണ മാത്രമാണ് യോഗം ചേർന്നിട്ടുള്ളത്. പ്രസ്തുത യോഗത്തിന്റെ തീരുമാനങ്ങൾ രജിസ്റ്ററിൽ രേഖപ്പെടുത്തിയിട്ടില്ല.

ഖണ്ഡിക 2.9.3 പ്രകാരം ഗ്രാമപഞ്ചായത്ത് തലത്തിൽ എല്ലാ മാസവും ആരോഗ്യ പ്രവർത്തനങ്ങളുടെ അവലോകന യോഗം തദ്ദേശ ഭരണ സ്ഥാപനങ്ങളിൽ വച്ച് നടത്തേണ്ടതാണ്. ഈ അവലോകന യോഗത്തിൽ അലോപ്പതി, ആയുഷ് ആശുപത്രികളുടെ പ്രവർത്തനങ്ങൾ, ആശാ പ്രവർത്തകരുടെ പ്രവർത്തനങ്ങൾ, പാലിയേറ്റീവ് കെയർ പ്രോജക്ട് ഉൾപ്പെടെ വിവിധ ആരോഗ്യ പദ്ധതികളുടെ അവലോകനം, വാർഡ് ആരോഗ്യ അവലോകന സമിതികളുടെ പ്രവർത്തനങ്ങൾ തുടങ്ങിയവ അവലോകനം ചെയ്യുകയും പ്രവർത്തനങ്ങൾ കൂടുതൽ മെച്ചപ്പെടുത്തുന്നതിനുള്ള നിർദ്ദേശങ്ങൾ ആവിഷ്കരിക്കേണ്ടതുമാണ്. ഇപ്രകാരം നടത്തുന്ന യോഗത്തിലെ അഭിപ്രായങ്ങളും നിർദ്ദേശങ്ങളും ഉൾക്കൊണ്ടുകൊണ്ട് പാലിയേറ്റീവ് കെയർ പ്രവർത്തനങ്ങൾ കൂടുതൽ മെച്ചപ്പെടുത്തുന്നതിന് പാലിയേറ്റീവ് കെയർ മാനേജ്മെന്റ് കമ്മിറ്റി ശ്രമിക്കേണ്ടതുമാണ്. ഇത്തരത്തിൽ അവലോകന യോഗങ്ങൾ ചേരാതിരുന്നതിന്റെ കാരണം വിശദീകരിക്കുവാൻ ഓഡിറ്റ് എൻക്വയറി (നം.14/18.12.2022) മുഖാന്തിരം ആവശ്യപ്പെട്ടതിന് ലഭിച്ച മറുപടിയിൽ പി.എം.സി യോഗം,മാസാവലോകന യോഗം എന്നിവ യഥാസമയം തന്നെ ചേരുന്നതിന് ശ്രദ്ധിക്കുന്നതാണെന്ന് വ്യക്തമാക്കിയിട്ടുണ്ട്. പാലിയേറ്റീവ് പ്രവർത്തനങ്ങൾ കൃത്യമായി തന്നെ വിലയിരുത്തേണ്ടതും, അവലോകന യോഗങ്ങളിൽ ആവശ്യമായ തീരുമാനങ്ങൾ കൈക്കൊണ്ട് തുടർ നടപടികൾ സ്വീകരിച്ച് വിവരം ഓഡിറ്റിൽ അറിയിക്കേണ്ടതുമാണ്.

## 1-26 കാലിബാരലിന്റെ വില ഈടാക്കിയിട്ടില്ല

2021-22 വർഷം നിർവ്വഹിക്കപ്പെട്ട ടാറിംഗ് പ്രവൃത്തികളുടെ എസ്റ്റിമേറ്റിൽ ടാറിന് പാക്ക്ഡ് ബിറ്റുമിന്റെ നിരക്കാണ് നൽകിയിട്ടുള്ളത്. അതു പ്രകാരം ഒഴിഞ്ഞ ബാരലിന്റെ വിലയായി 281/-രൂപ വീതം (238+18% ജി.എസ്.ടി) ബില്ലിൽ കുറവു ചെയ്ത് വേണം കരാറുകാരന് തുക നല്കേണ്ടത്. എന്നാൽ കടമക്കുടി ഗ്രാമപഞ്ചായത്തിൽ അസിസ്റ്റന്റ് എഞ്ചിനിയർ നിർവ്വഹണം നടത്തിയ താഴെ പറയുന്ന പ്രവൃത്തിയിൽ ഫൈനൽ ബില്ലിൽ നിന്നും ഇപ്രകാരമുള്ള കുറവ് വരുത്തിയിട്ടില്ലാത്തതായി കാണുന്നു. പ്രവൃത്തികളുടെ വിശദാംശം ചുവടെ ചേർക്കുന്നു.

| നം. | പ്രവൃത്തിയുടെ വിശദ വിവരം | ഉപയോഗിച്ച ബാരലിന്റെ എണ്ണം | ഈടാക്കേണ്ട തുക | |
|---|---|---|---|---|
| | | | ബാരൽ വില | ജി.എസ്.ടി |
| 1 | പ്രോജക്ട് നമ്പർ-എസ്0131/21-22<br>എസ്റ്റിമേറ്റ് തുക -305000<br>ഹരിജൻ റോഡ് മെയിന്റനൻസ് വാർഡ്-5,കടമക്കുടി<br>കരാറുകാരൻ-ബൈജു.കെ.ജെ<br>എം.ബുക്ക്-146/21-22<br>പ്രവൃത്തിമൂല്യം - 288947.51/-)ബിൽ നമ്പർ/തീയതി 18/22-23 30.03.22 | 13 | 3094 | 556 |
| | | | 3094 | 556 |

ഇതുമായി ബന്ധപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നമ്പർ/തീയതി-23/20.12.2022) ലഭ്യമാക്കിയ മറുപടിയിൽ കുറവ് വന്ന തുക കരാറുകാരനിൽ നിന്നും ഈടാക്കുന്നതാണെന്ന് അറിയിച്ചിരുന്നു. കുറവ് വന്ന തുക ഈടാക്കി വിവരം ഓഡിറ്റിൽ അറിയിക്കേണ്ടതാണ്.

## 1-27 ജാഗ്രത സമിതിയുടെ പ്രവർത്തനം കാര്യക്ഷമമല്ല.

ICDS സൂപ്പർവൈസർ നടപ്പിലാക്കിയ "ജാഗ്രത സമിതി ശാക്തീകരണവും കൗമാരക്കാരായ പെൺകുട്ടികൾക്കും വനിതകൾക്കും കൗൺസിലിങ് സൗകര്യവും ഒരുക്കൽ, കമ്മ്യൂണിറ്റി ഫെസിലിറ്റേറ്ററിന്റെ നിയമനവും" എന്ന പ്രോജക്റ്റിന്റെ (നം. 121/22) നടത്തിപ്പിനായി ഓഡിറ്റ് വർഷം 63583/- ചെലവുണ്ട്. പ്രോജക്റ്റ് പരിശോധിച്ചതിൽ, കമ്മ്യൂണിറ്റി ഫെസിലിറ്റേറ്റർ ആയി നിയമിതയായ അഖില.കെ.എം. എന്ന വ്യക്തിക്ക് ഓണറേറിയം ഇനത്തിൽ തുക ചെലവഴിച്ചതിന്റെ രേഖകളാണ് ലഭ്യമായിട്ടുള്ളത്. ഓഡിറ്റ് വർഷത്തിൽ ജാഗ്രത സമിതിയുടെ പ്രവർത്തനങ്ങൾ സംബന്ധിച്ച വിശദവിവരങ്ങളും, കമ്മ്യൂണിറ്റി ഫെസിലിറ്റേറ്ററിന്റെ നിയമനവുമായി ബന്ധപ്പെട്ട രേഖകളും, ആളുകൾക്ക് കൗൺസിലിങ് നൽകിയതിന്റെ വിവരങ്ങളും ഓഡിറ്റിന് ലഭ്യമാക്കുവാനാവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (22/19.12.22) ലഭ്യമാക്കിയ മറുപടിയും അനുബന്ധരേഖകളും പരിശോധിച്ചതിൽ, ഗർഭിണികൾക്കും മുലയൂട്ടുന്ന അമ്മമാർക്കും ഫോൺ വഴി നിർദ്ദേശങ്ങൾ നൽകുകയാണ് കമ്മ്യൂണിറ്റി ഫെസിലിറ്റേറ്റർ മുഖ്യമായും ഓഡിറ്റ് വർഷത്തിൽ ചെയ്തിരിക്കുന്നത് എന്ന് മനസ്സിലാകുന്നു. ഓഡിറ്റ് വർഷത്തിൽ 07/21 ൽ വാർഡ് തല മീറ്റിംഗ് നടത്തിയിട്ടുമുണ്ട്.

പഞ്ചായത്ത് പ്രദേശത്ത് അധിവസിക്കുന്ന സ്ത്രീകളും കുട്ടികളും അഭിമുഖീകരിക്കുന്ന പ്രശ്നങ്ങൾ കൗൺസിലിങ്ങിലൂടെ മനസ്സിലാക്കി അവർക്ക് മാനസിക പിന്തുണ നല്കുന്നതിനും, ആരോഗ്യകരമായ ജീവിത സാഹചര്യങ്ങൾ ഒരുക്കി അവരെ ശാക്തീകരിക്കുന്നതിനും ഒരു സംവിധാനമൊരുക്കലാണ് ഈ പ്രോജക്റ്റ് ലക്ഷ്യം വയ്ക്കുന്നത് എന്നിരിക്കെ ഓഡിറ്റ് വർഷത്തിൽ ജാഗ്രത സമിതി ക്രിയാത്മകമായി പ്രവർത്തനങ്ങൾ ഒന്നും നടത്തിയിട്ടില്ല എന്ന് മനസ്സിലാകുന്നു. പോക്സോ കേസുകളും, ലഹരി ഉപയോഗവുമായി ബന്ധപ്പെട്ട് നടക്കുന്ന പ്രശ്നങ്ങളും ഉൾപ്പെടെ സമൂഹത്തിന് ഭീഷണിയായിക്കൊണ്ടിരിക്കുന്ന വിഷയങ്ങളിൽ ക്രിയാത്മകമായി ഇടപെട്ട് പഞ്ചായത്തിന്റെ സാമൂഹ്യജീവിതത്തിൽ ഗുണപരമായ മാറ്റങ്ങൾ കൊണ്ടുവരാൻ സാധിക്കുന്ന തരത്തിൽ വാർഡ് മെമ്പർമാരുടെ സഹകരണത്തോടെ, ജാഗ്രത സമിതിയുടെ പ്രവർത്തനം കൂടുതൽ കാര്യക്ഷമമാക്കുന്നതിന് ശ്രദ്ധിക്കേണ്ടതാണ്.

### 1-28 അനുപൂരക പോഷകാഹാര പദ്ധതി - തുക നൽകിയതിൽ അപാകത

2021-22 വർഷത്തെ അനുപൂരക പോഷകാഹാര പദ്ധതിയുടെ ഭാഗമായി അങ്കണവാടികളിൽ അമൃതം ന്യൂട്രിമിക്സ് വിതരണം ചെയ്തത് എടത്തല അമൃതം ഫുഡ് സപ്ലിമെന്റ് യൂണിറ്റാണ്. കേന്ദ്രധനകാര്യ മന്ത്രാലയത്തിന്റെ ചരക്ക് സേവന നികുതിയുമായി ബന്ധപ്പെട്ട 28.6.2017ലെ നോട്ടിഫിക്കേഷൻ നം 12/2017- Central Tax (Rate)-ലെ ക്രമ നം. 66 ക്ലോസ് (B) (ii) പ്രകാരം കേന്ദ്ര, സംസ്ഥാന സർക്കാരുകളുടെ സാമ്പത്തിക സഹായത്തോടെ സ്കൂളുകളിലും അങ്കണവാടികളിലും വിതരണം ചെയ്യുന്ന ഭക്ഷണസാധനങ്ങൾക്ക് ജി.എസ്.ടി. പൂർണ്ണമായും ഒഴിവാക്കിയിട്ടുണ്ട്. കേന്ദ്രധനകാര്യ മന്ത്രാലയത്തിന്റെ 17.6.2021ലെ 149/05/2021നമ്പർ സർക്കുലറിൽ സർക്കാർ സഹായത്തോടെയോ സംഭാവനകൾ വഴിയായോ ഉള്ള, അംഗൻവാടികൾ ഉൾപ്പടെയുള്ള എല്ലാ വിദ്യാഭ്യാസ സ്ഥാപനങ്ങളിലെയും ഭക്ഷണവിതരണ പരിപാടികൾക്ക് ജി.എസ്.ടി. ബാധകമല്ല എന്നകാര്യം സ്പഷ്ടീകരിച്ചിട്ടുണ്ട്. എന്നാൽ കടമക്കുടി ഗ്രാമപഞ്ചായത്തിൽ നടപ്പിലാക്കിയ പദ്ധതിയിൽ വിതരണം ചെയ്ത അമൃതം ന്യൂട്രിമിക്സിന്റെ ബില്ല് പരിശോധിച്ചതിൽ, അമൃതം ന്യൂട്രിമിക്സിന്റെ വിലയോടൊപ്പം ജി.എസ്.ടി. ചുമത്തിയതായി കാണുന്നു.

| (പ്രോജക്റ്റ് നം-05/21-22) | | | |
|---|---|---|---|
| ക്രമ നം. | ന്യൂട്രിമിക്സിന്റെ ബിൽ നം | ബിൽ തുക | ചുമത്തിയ ജി.എസ്.ടി. |
| 1 | 09/17.04.21 | 55230 | 2760 |
| 2 | 16/29.5.21 | 55300 | 2764 |
| 3 | 27/25.06.21 | 55300 | 2762 |
| 4 | 44/4.8.21 | 53550 | 2676 |
| 5 | 52/25.9.21 | 52850 | 2642 |
| 6 | 07/15.11.21 | 55440 | 2772 |
| 7 | 88/27.11.21 | 55650 | 2782 |
| 8 | 110/30.12.21 | 56490 | 2824 |
| 9 | 128/25.01.21 | 62965 | 3148 |
| 10 | 147/26.02.22 | 44520 | 2226 |
| ആകെ | | | 27356 |

അങ്കണവാടി ഭക്ഷണവിതരണത്തിന് ബാധകമല്ലാത്ത ജി.എസ്.ടി. കൂടി ഉൾപ്പെട്ട തുക വിതരണ സ്ഥാപനത്തിന് നൽകിയത് മൂലം പഞ്ചായത്ത് ഫണ്ടിൽ നിന്നും അധികച്ചെലവുണ്ടായിട്ടുണ്ട്. ഇതുമായി ബന്ധപ്പെട്ട് ഓഡിറ്റ് എൻക്വയറി (21/19.12.22) നൽകിയതിന് അമൃതം ഫുഡ് സപ്ലിമെന്റിന് ജി.എസ്.ടി. ഉൾപ്പെടുത്തി വില പരിഷ്കരിച്ച വിവരം വ്യക്തമാക്കിക്കൊണ്ട് തദ്ദേശ ഭരണ വകുപ്പ് പുറപ്പെടുവിച്ച

25.5.2018 ലെ സ.ഉ.(സാധാ)നം. 1450/2018/ത.സ്വ.ഭ.വ. ഉത്തരവ് ഹാജരാക്കുകയും അതിന്റെ അടിസ്ഥാനത്തിലാണ് തുക നൽകിയതെന്ന് വിശദീകരിക്കുകയുമുണ്ടായി. ഇത് ഓഡിറ്റ് അംഗീകരിക്കുന്നില്ല. ഇത്തരത്തിൽ അധികച്ചെലവിന് ഇടയാക്കുന്ന സാഹചര്യങ്ങൾ ഒഴിവാക്കേണ്ടതാണ്.

### 1-29 കുടിവെള്ളക്കരം ഒടുക്കുന്നില്ല.

ഓഡിറ്റ് വർഷത്തിൽ കടമക്കുടി ഗ്രാമപഞ്ചായത്ത് കുടിവെള്ളക്കരമിനത്തിൽ തുകയൊന്നും ഒടുക്കിയിട്ടില്ല. 2021 നവംബർ വരെ 379 ടാപ്പുകൾക്ക് 5,512.50 (പ്രതിവർഷം) നിരക്കിൽ ₹1,74,119/- ഉം, 2021 ഡിസംബർ മുതൽ 15 ടാപ്പുകൾക്ക് 5,512.50 നിരക്കിൽ ₹6,891/-മാണ് വാട്ടർ അതോറിറ്റി ഡിമാന്റ് ചെയ്തിരിക്കുന്നത്. എന്നാൽ പഞ്ചായത്ത് നിലവിൽ തുക അടച്ചിട്ടില്ല. വാട്ടർ അതോറിറ്റിയുമായി 2013 മുതൽ ഡിമാന്റ് ചെയ്യുന്ന വാട്ടർ ടാപ്പുകളുടെ എണ്ണത്തിന്റെ വിഷയത്തിലും, കുടിശ്ശിക തുകയുടെ വിഷയത്തിലും അഭിപ്രായ ഭിന്നത നിലനിൽക്കുകയും പഞ്ചായത്തിന്റെ ആവശ്യങ്ങൾ വാട്ടർ അതോറിറ്റി പരിഗണിക്കാതിരിക്കുകയും, അതിന്മേൽ നടത്തുന്ന കത്തിടപാടുകളിന്മേൽ പ്രതികരിക്കാതിരിക്കുകയും ചെയ്യുന്നതിനാലാണ് പഞ്ചായത്ത് ഡിമാന്റ് തുക അടവാക്കുന്നതിൽ നിന്ന് പിൻതിരിഞ്ഞതെന്ന് ഫയലിൽ നിന്നും വ്യക്തമാകുന്നുണ്ട്. എങ്കിൽത്തന്നെയും, ഓരോ മാസവും ഡിമാന്റ് തുക അടക്കാതിരിക്കുന്നത് പിന്നീട് പഞ്ചായത്തിന് വൻ സാമ്പത്തിക ബാധ്യത വരുത്തുമെന്നിരിക്കെ, നിലവിൽ ഡിമാന്റ് ചെയ്യുന്ന, 15 ടാപ്പുകളുടെ വെള്ളക്കരമായ ₹6,891/- എങ്കിലും അടക്കാതെ കുടിശ്ശിക വരുത്തുന്നത് എന്തുകൊണ്ടാണെന്നത് വ്യക്തമല്ല. ഗ്രാമപഞ്ചായത്തിന് ഓഡിറ്റ് വർഷത്തിൽ വാട്ടർ അതോറിറ്റിയിൽ നിന്നും ലഭ്യമായ ബില്ലുകൾ പരിശോധിച്ചതിൽ, 2021 ഏപ്രിൽ മാസം കുടിശ്ശികയായി ₹2,48,71,797/- 2022 മാർച്ച് മാസം കുടിശ്ശികയായി ₹3,30,43,066/- എന്നിങ്ങനെ രേഖപ്പെടുത്തിപ്പോരുന്നുണ്ട്. ഈ തുകയുടെ കൃത്യത വിലയിരുത്തുന്ന വിഷയത്തിൽ തീരുമാനമാകാത്തതിനാലാണ് ഡിമാന്റ് തുക അടവാക്കാതിരിക്കുന്നതെന്ന വസ്തുത പരിഗണിച്ചാൽത്തന്നെയും, നിലവിലെ ഡിമാന്റ് തുക ₹6,891/- ആയി കുറവ് ചെയ്തിരിക്കുന്ന സാഹചര്യത്തിൽ തുക അടവാക്കാതിരിക്കുന്നത് ന്യായീകരിക്കത്തക്കതല്ല. ഇതുമായി ബന്ധപ്പെട്ട് ഓഡിറ്റ് എൻക്വയറി (നം.31/21.12.22) നൽകിയെങ്കിലും മറുപടി ലഭ്യമാക്കിയില്ല. വെള്ളക്കിമിനത്തിലെ ഡിമാന്റ് തുകയിന്മേലുൾപ്പെടെ പലിശ ഭീമമായി വർദ്ധിക്കുന്ന സാഹചര്യം ഒഴിവാക്കേണ്ടതാണ്.

## ഭാഗം -2

## വരവ്-വ്യക്തമായ നഷ്ടം പ്രതിപാദിക്കുന്ന ഓഡിറ്റ് നിരീക്ഷണങ്ങൾ

[KLFA Act 1994 സെക്ഷൻ 16,KLFA Rules 1996 ചട്ടം 19(1) പ്രകാരമുള്ള ഓഡിറ്റ് റിപ്പോർട്ടിന്റെ പ്രത്യേക ഭാഗം]

ഇല്ല.

## ഭാഗം -3

## ചെലവ്-വ്യക്തമായ നഷ്ടം പ്രതിപാദിക്കുന്ന ഓഡിറ്റ് നിരീക്ഷണങ്ങൾ

[KLFA Act 1994 സെക്ഷൻ 16,KLFA Rules 1996 ചട്ടം 19(2) പ്രകാരമുള്ള ഓഡിറ്റ് റിപ്പോർട്ടിന്റെ പ്രത്യേക ഭാഗം]

ഇല്ല.

## ഭാഗം -4

## പൊതു വിവരങ്ങളും ഓഡിറ്റ് പ്രത്യവലോകനവും

### 4-1 വാർഷിക ധനകാര്യ പത്രിക പരിശോധിച്ച് സാക്ഷ്യപത്രം നൽകിയ വിവരം

| വർഷം | സർട്ടിഫിക്കേഷന് കണക്കുകൾ പരിശോധിച്ച തീയതി | സർട്ടിഫിക്കറ്റ് നമ്പർ/തീയതി |
|---|---|---|
| 2021-22 ഓഡിറ്റിന്റെ ഭാഗമായാണ് അക്കൗണ്ട്സ് പരിശോധന നടത്തിയിട്ടുള്ളത് | | |

### 4-2 സംയുക്ത പ്രോജക്ടുകൾക്ക് ലഭിച്ച ധനസഹായം

| ക്രമ നം. | വിഹിതം നൽകിയ സ്ഥാപനം | തുക ലഭിച്ച വർഷം | ലഭിച്ച തുക (₹) | പ്രോജക്ടിന്റെ പേര്, നമ്പർ | ചെലവായ തുക (₹) | ബാക്കി |
|---|---|---|---|---|---|---|
| 1 | ജില്ലാ പഞ്ചായത്ത് | 2021-22 | 257320 | മാതൃ തേരകത്ത് റോഡ്,108/22 | 257320 | 0 |
| 2 | | | 250000 | ഭിന്നശേഷിക്കാരായ വിദ്യാർത്ഥികൾക്ക് സ്കോളർഷിപ്പ് , 07/22 | 250000 | 0 |

| ക്രമ നം. | വിഹിതം നൽകിയ സ്ഥാപനം | തുക ലഭിച്ച വർഷം | ലഭിച്ച തുക (₹) | പ്രോജക്ടിന്റെ പേര്, നമ്പർ | ചെലവായ തുക (₹) | ബാക്കി |
|---|---|---|---|---|---|---|
| 3 | | | 280000 | ലൈഫ് ഭവനപദ്ധതി (പട്ടികജാതി) , 78/22 | 280000 | 0 |
| 4 | | | 400000 | പി എം എ വൈലൈഫ് ഭവനപദ്ധതി ( ജനറൽ), 75/22 | 400000 | 0 |
| 5 | | | 978698 | വടക്കേതുരുത്ത് റോഡ് മെയിന്റനൻസ്,144/22 | 978698 | 0 |
| 1 | ബ്ലോക്ക് പഞ്ചായത്ത് | 2021-22 | 125000 | ലൈഫ് ഭവനപദ്ധതി സ്ഥലം വാങ്ങൽ,118/22 | 125000 | 0 |
| 2 | | | 4350000 | ലൈഫ് ഭവനപദ്ധതി (പട്ടികജാതി), 78/22 | 1125000 | 3225000 |
| 3 | | | 584234 | അങ്കണവാടി പോഷകാഹാരം,05/22 | 584234 | 0 |
| 4 | | | 147007 | വൃദ്ധർക്ക് കട്ടിൽ, 140/22 | 147007 | 0 |
| 5 | | | 500000 | ഐ.എച്ച്.ഡി.പി കോളനിയ്ക്ക് സമീപമുള്ള ഗ്രൗണ്ട് നവീകരണം, 61/22 | 0 | 500000 |
| 6 | | | 200000 | ഭിന്നശേഷിക്കാരായ വിദ്യാർത്ഥികൾക്ക് സ്കോളർഷിപ്പ്,07/22 | 200000 | 0 |
| 7 | | | 387662 | പൊതു തോടിന് ആഴം വർദ്ധിപ്പിക്കൽ,115/22 | 387662 | 0 |

## 4-3 ഡെപ്പോസിറ്റ് വർക്കിനു നൽകിയ തുകയുടെ വിവരങ്ങൾ

| നിർവ്വഹണ ഏജൻസി | പ്രവൃത്തിയുടെ പേര് | ബിൽ നമ്പർ/ ചെക്ക് നം. | മുൻകൂർ നൽകിയ തുക | ചെലവഴിച്ച തുക | ചെലവഴിക്കാൻ ബാക്കിയുള്ള തുക |
|---|---|---|---|---|---|
| കെ.എസ്.ഇ.ബി | പോസ്റ്റ് മാറ്റി സ്ഥാപിക്കൽ | 1)29/03.09.2021-38406/-<br>2)93/14.12.2021-42100/-<br>3)225/23.03.2022-22556/- | 103062 | 103062 | 0 |
| കെ.എസ്.ഇ.ബി | സ്ട്രീറ്റ് ലൈൻ മാറ്റി സ്ഥാപിക്കൽ | 1)10053/-53/26.10.21<br>2)36202/-94/17.12.21<br>3)54839/-105/05.01.22<br>4)57702/-141/10.02.22<br>5)15225/-171/04.03.22<br>ആകെ-174021 | 174021 | 174021 | 0 |
| | | ആകെ | 277083 | 277083 | 0 |

## 4-4 മൊബിലൈസേഷൻ അഡ്വാൻസ് നൽകിയത്

ഇല്ല

## 4-5 വായ്പ/ വായ്പ തിരിച്ചടവ്

ഓഡിറ്റ് വർഷം പഞ്ചായത്തിന് വായ്പയിനത്തിൽ വരവ്, തിരിച്ചടവ് എന്നിവയില്ല.

## 4-6 സ്ഥിരനിക്ഷേപങ്ങൾ

ഇല്ല

## 4-7 ഓഡിറ്റ് റിക്കവറി

ഈയിനത്തിൽ തൻവർഷം വരവില്ല.

## 4-8 സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഓഡിറ്റ് ഖണ്ഡികകളുടെ വിശദാംശം

ഇല്ല

## 4-9 ചാർജ് / സർചാർജ് നടപടികളുടെ വിവരം

ഇല്ല

## 4-10 ഓഡിറ്റ് പ്രത്യവലോകനം

(എ) സംക്ഷിപ്ത വിവരം

| | |
|---|---|
| ഓഡിറ്റ് വർഷത്തെ ആകെ വരവ് | 56273038 |
| ഓഡിറ്റ് വർഷത്തെ ആകെ ചെലവ് | 52741278 |
| വരവിനങ്ങളിലുള്ള നഷ്ടം | 0 |
| ചെലവിനങ്ങളിലുള്ളനഷ്ടം/<br>ഓഡിറ്റിൽ അംഗീകരിക്കാത്ത തുക | 0 |
| ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക | 3427781 |

(ബി) പഞ്ചായത്ത് ഫണ്ടിനുണ്ടായ വ്യക്തമായ നഷ്ടത്തിന്റെ വിവരം
ഇല്ല

ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക

| ഖണ്ഡിക നമ്പർ | തുക | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|
| 1-15 | 75000 | ശ്രീമതി. എൻ.എം.ശോഭനാകുമാരി, സെക്രട്ടറി, പല്ലാരിമംഗലം ഗ്രാമ പഞ്ചായത്ത് |
| 1-16 | 248900 | ശ്രീമതി. എൻ.എം.ശോഭനാകുമാരി, സെക്രട്ടറി, പല്ലാരിമംഗലം ഗ്രാമ പഞ്ചായത്ത് |
| 1-18 | 2750081 | ശ്രീമതി. എൻ.എം.ശോഭനാകുമാരി, സെക്രട്ടറി, പല്ലാരിമംഗലം ഗ്രാമ പഞ്ചായത്ത് |
| 1-19 | 195000 | ശ്രീമതി. എൻ.എം.ശോഭനാകുമാരി, സെക്രട്ടറി, പല്ലാരിമംഗലം ഗ്രാമ പഞ്ചായത്ത് |
| 1-20 | 8800 | ഡോ.മനോജ് അഗസ്റ്റിൻ, മെഡിക്കൽ ഓഫീസർ, പി.എച്ച്.സി കടമക്കുടി |
| 1-21 | 150000 | ഡോ.രശ്മി.വി.എൻ, മെഡിക്കൽ ഓഫീസർ, ആയുർവേദം |
| ആകെ | 3427781 | |

(സി) കേന്ദ്ര-സംസ്ഥാന സർക്കാരുകൾ, മറ്റു സ്ഥാപനങ്ങൾ എന്നിവക്കുണ്ടായ നഷ്ടത്തിന്റെ വിവരം
ഇല്ല

(ഡി) നഷ്ടം നിജപ്പെടുത്താൻ കൂടുതൽ അന്വേഷണം ആവശ്യമായവ
ഇല്ല

(ഇ) റിപ്പോർട്ടിൽ പ്രതിപാദിച്ചിരിക്കുന്ന നഷ്ടത്തിനുത്തരവാദികളായവരുടെ സ്ഥിരം മേൽവിലാസങ്ങൾ

| ക്രമ നം | പേരും ഉദ്യോഗപ്പേരും | ഓഡിറ്റ് നടന്ന സമയത്തെ ഔദ്യോഗിക മേൽവിലാസം | സ്ഥിരം മേൽ വിലാസം |
|---|---|---|---|
| 1 | ശ്രീമതി. എൻ.എം.ശോഭനാകുമാരി, സെക്രട്ടറി, കടമക്കുടി ഗ്രാമ പഞ്ചായത്ത് | സെക്രട്ടറി, കടമക്കുടി ഗ്രാമപഞ്ചായത്ത് | മഹേന്ദ്രവിലാസ്, തിരുമലഭാഗം. പി.ഒ, തുറവൂർ, ചേർത്തല 688540 |
| 2 | ഡോ.രശ്മി.വി.എൻ, മെഡിക്കൽ ഓഫീസർ, ആയുർവേദം | മെഡിക്കൽ ഓഫീസർ, ആയുർവേദം | വലിയകോടത്ത് ഹൗസ്, നീലേശരം |
| 3 | ഡോ.മനോജ് അഗസ്റ്റിൻ, മെഡിക്കൽ ഓഫീസർ, പി.എച്ച്.സി കടമക്കുടി | മെഡിക്കൽ ഓഫീസർ, പി.എച്ച്.സി കടമക്കുടി | ചെമ്പരത്തിഹൗസ്, തോട്ടുമുഖം,പി.ഒ, കീഴ്മാട് |

### 4-11 തീർപ്പാക്കാൻ അവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകൾ

ഗ്രാമപഞ്ചായത്തിന്റെ തീർപ്പാക്കാൻ അവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകളിൽ പലതിലും ഭാഗികമായി മാത്രമാണ് മറുപടിയും തെളിവുരേഖകളും ഹാജരാക്കി തീർപ്പാക്കിയിട്ടുള്ളത്. മുൻവർഷത്തെ ഓഡിറ്റ് റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ള പ്രകാരം നാളിതുവരെയുള്ള ഓഡിറ്റ് റിപ്പോർട്ടുകളുടെ തീർപ്പാക്കൽ

സംബന്ധിച്ച നിലവിലുള്ള സ്ഥിതിവിവരക്കണക്ക് താഴെ ചേർക്കുന്നു.

| ഓഡിറ്റ് റിപ്പോർട്ട് വർഷം | ഈ വകുപ്പിൽ നിന്നും പുറപ്പെടുവിച്ച ഏറ്റവും ഒടുവിലത്തെ കത്തിടപാടിന്റെ വിവരം |
|---|---|
| 1997-98 | എൽ.എഫ്.ഇ(പി3) 921/01 തീയതി 07-12-2001 |
| 1999-2000 | എൽ.എഫ്.ഇ(പി3) 1646/01 തീയതി 03-06-2002 |
| 2000-01 | എൽ.എഫ്.ഇ(പി3) 329/05 തീയതി 06-01-2006 |
| 2001-02 | എൽ.എഫ്.ഇ(പി3) 1345/03 തീയതി 05-02-2004 |
| 2005-06 | എൽ.എഫ്.ഇ(പി3) 1347/09 തീയതി. 27-05-2010 |
| 2006-07 | എൽ.എഫ്.ഇ(പി3) 1375/09 തീയതി. 12-02-2001 |
| 2007-08 | എൽ.എഫ്.ഇ(പി8) 1066/10 തീയതി 01-08-2011 |
| 2008-09 | എൽ.എഫ്.ഇ(പി8) 1067/10 തീയതി 01-08-2011 |
| 2009-10 | എൽ.എഫ്.ഇ(പി8) 996/11 തീയതി 10-04-2012 |
| 2010-11&2011-12 | എൽ.എഫ്.ഇ(പി6) 1310/13 തീയതി18-07-2013 |
| 2012-13&2013-14 | എൽ.എഫ്.ഇ(പി10) 1899/14 തീയതി. 21-01-2015 |
| 2014-15 | കെ.എസ് .എ ഇ.കെഎം(പി10) 883/216 തീ. 06.06.2016 |
| 2015-16 | കെ.എസ്.എ-ഇ.കെ.എം(പി10)2125/216 തീയതി 15.12.216 |
| 2016-17 | കെ.എസ്.എ-ഇ.കെ.എം(പി10) 1271/17 തീയതി 17.07.17 |
| 2017-18 | കെ.എസ്.എ.-ഇ.കെ.എം.(പി 10)12/19 തീ.30-01-19/07-03-19 |
| 2018-19 | കെ.എസ്.എ.-ഇ.കെ.എം.(പി 10)2099/19 തീ. 01.02.2020 |
| 2019-20 | കെ.എസ്.എ.-ഇ.കെ.എം.(പി 10)1286/21 തീ.08.12.2021 |
| 2020-21 | കെ.എസ്.എ.-ഇ.കെ.എം.(പി 10)1287/21 തീ.06.01.2022 |

ഡെപ്യൂട്ടി ഡയറക്ടർ
ജില്ലാ ഓഡിറ്റ് കാര്യാലയം, എറണാകുളം
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

## അനുബന്ധം-1

## ഓഡിറ്റ് സാക്ഷ്യപത്രം

1994-ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമത്തിന്റെ 4-ാം വകുപ്പും 1994-ലെ കേരള പഞ്ചായത്ത്‌രാജ് നിയമത്തിന്റെ 215-ാം വകുപ്പും അനുസരിച്ചും പഞ്ചായത്ത്‌രാജ് സ്ഥാപനങ്ങളുടെ ഓഡിറ്റിനു വേണ്ടി കംപ് ട്രോളർ & ഓഡിറ്റർ ജനറൽ നിർദ്ദേശിച്ച ഓഡിറ്റിംഗ് സ്റ്റാൻഡേർഡുകൾക്ക് വിധേയമായി വകുപ്പിന് ബാധകമായ ഓഡിറ്റ് നിലവാരങ്ങളും നിയമങ്ങളും ചട്ടങ്ങളും അനുസരിച്ച് വാർഷിക ധനകാര്യ പത്രികകളുടെ ഓഡിറ്റ് ക്രമപ്പെടുത്തുന്നതിന് നിയോഗിക്കപ്പെട്ട പ്രത്യേക സമിതി തയ്യാറാക്കി 12.02.2021-ലെ യോഗത്തിൽ വകുപ്പ് അംഗീകരിച്ച ഓഡിറ്റ് രീതികളും സോഫ്റ്റ്‌വെയർ ക്രമീകരണങ്ങളും പ്രകാരം 2021-2022 വർഷത്തെ വാർഷിക ധനകാര്യ പത്രിക പരിശോധിച്ചതായി ഞാൻ സാക്ഷ്യപ്പെടുത്തുന്നു. എന്റെ റിപ്പോർട്ടിൽ ചൂണ്ടിക്കാണിച്ചിരിക്കുന്ന പരാമർശങ്ങൾ ഒഴികെ എറണാകുളം ജില്ലയിലെ കടമക്കുടി ഗ്രാമപഞ്ചായത്തിന്റെ 2021-2022-ലെ വാർഷിക ധനകാര്യ പത്രിക വരവു ചെലവ് കണക്കുകളെ ശരിയായ രീതിയിൽ അവതരിപ്പിക്കുന്നു എന്ന് ഞാൻ സാക്ഷ്യപ്പെടുത്തുന്നു.

ഡെപ്യൂട്ടി ഡയറക്ടർ
ജില്ലാ ഓഡിറ്റ് കാര്യാലയം, എറണാകുളം
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

## അനുബന്ധം-2

## ഗ്രാന്റുകളുടെ വിനിയോഗ സാക്ഷ്യപത്രം

എറണാകുളം ജില്ലയിലെ കടമക്കുടി ഗ്രാമപഞ്ചായത്തിന്റെ 2021-2022 വർഷത്തെ വിവിധ ഗ്രാന്റുകളുടെ വിനിയോഗം, 23.01.2021-ലെ സ.ഉ(കൈ) 16/2021/തസ്വഭവ പ്രകാരം സ്ഥാപനം സാക്ഷ്യപ്പെടുത്തി നൽകിയിട്ടുള്ള ഗ്രാന്റ് സ്റ്റേറ്റ്മെന്റിലെ വിവരങ്ങളുടെ അടിസ്ഥാനത്തിൽ അനുബന്ധം-1ൽ പ്രതിപാദിച്ചിട്ടുള്ള പ്രകാരം പരിശോധിച്ച് ഗ്രാന്റുകളുടെ വിനിയോഗത്തെ കുറിച്ചുള്ള നിരീക്ഷണങ്ങൾ ഈ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ളതിന് വിധേയമായി സ്ഥാപനത്തിന്റെ ഗ്രാന്റുകളുടെ വിനിയോഗം സാക്ഷ്യപ്പെടുത്തുന്നു.

ഡെപ്യൂട്ടി ഡയറക്ടർ
ജില്ലാ ഓഡിറ്റ് കാര്യാലയം, എറണാകുളം
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്